ആരോഗ്യം.

പുസ്തകം ൧. | ൧൧൦൪ മേടം. | ലക്കം ൯.

മലം പിടുത്തമുള്ള
സ്നേഹിതനോട്.

(ഡാക്ർ എച്ച്. എഡ്വിൻലൂയി. എം. ഡി.)

ആരോഗ്യംസദാകൊതിച്ചിരിക്കുംനിന്നോടൊരു
സാരമാമുപദേശംചെയ്തുകൊള്ളുന്നുസഖേ!

നിന്നുടെസങ്കടങ്ങൾതീർത്തുസൗഖ്യത്തെത്തരാ-
നിന്നൊടോ!പ്രകൃതിയെത്തന്നെയാശ്രയിക്കണം

സിദ്ധൗഷധങ്ങളൊന്നുംനിനക്കുകിട്ടാനില്ലാ
ബുദ്ധിക്കിന്നിതുകൊണ്ടുദണ്ഡമുണ്ടാകവേണ്ട.

ഈശ്വരനമോഘമായ്നിനക്കുതന്നിട്ടുള്ള
ശാശ്വതസമ്മാനങ്ങൾസൂര്യരശ്മിവാതങ്ങൾ

ഇതുകൾരണ്ടുംസദാനിന്റെരക്ഷിതാക്കന്മാ-
രതിനാലശേഷവുംഭയവുമുണ്ടാകൊല്ലാ

വിസ്തൃതമൈതാനങ്ങൾവൃക്ഷവൃന്ദങ്ങൾദ്യോവും
മുത്തമസ്വച്ഛനീരംകലർന്നമിത്രൻതാനും

പർവ്വതങ്ങളുമെല്ലാംചേർന്നൊരീപ്രകൃതിയാൽ
സർവ്വേശൻസമീപത്തിൽനീചെന്നുപററുംനൂനം.
അപ്പൊഴേനീരോഗത്തിൻസൗഭാഗ്യങ്ങളുമൊക്കെ
ക്ഷിപ്രമീനിനക്കുണ്ടാംക്ലേശിക്കാനിടയില്ല.
അതിനാലുടൻപുറത്തങ്ങുപോകുക!തെല്ലും
മതിയിൽചിന്തിക്കേണ്ടകാലദേശാവസ്ഥകൾ
പ്രകൃതിക്കനുകൂലമായിട്ടുജീവിച്ചാലും
സുകൃതംപെറുംശുദ്ധവായുവിൽകിടന്നാലും
ഈവിധംലഘുദിനചര്യയുംപക്ഷേരസം
കേവലംകുറഞ്ഞേയ്ക്കാം;ലഹളമറഞ്ഞേയ്ക്കാം.
സ്വർണ്ണഭാരത്തേക്കാൾജീവിതകാലംതന്നിൽ
നിർണ്ണയമാരോഗ്യമാണല്ലയോസുഖപ്രദം.

ഉപവേശസ്നാനം.

—:o.—

(ഒരുമറുപടി.)

(കെ. ആർ. വാര്യർ, ബി. എ. ബി. എൽ.)

മീനം ലക്കം ആരോഗ്യത്തിൽ മി. കുറുപ്പ് എഴുതിയിരുന്ന 'ഉപവേശസ്നാനം' എന്ന ലേഖനത്തെപ്പററി താഴെ പറയുന്ന സംഗതികൾ പറയേണ്ടിവന്നതിൽ വളരെ കുണ്ഠിതമുണ്ട്. എങ്കിലും അങ്ങിനെ പറയാതിരുന്നാൽ അത് തെററിദ്ധാരണക്കു കാരണമാകും എന്നുള്ള ഭയംകൊണ്ടു മാത്രമാണ് വളരെ വൈമനസ്യത്തോടുകൂടി ഈ ലേഖനമെഴുതുന്നതിന് ഞാൻ ഒരുമ്പെട്ടത്. മി. കുറുപ്പിന്റെ ലേഖനം ആകപ്പാടെ നോക്കുന്നപക്ഷം അത് വാദവിഷയമായ സംഗതിയെ തെളിയിക്കുന്നതിന് യാ

തൊരുവിധത്തിലും സഹായിക്കുന്നില്ല എന്നും, എന്നെ ആക്ഷേപിച്ചു് തൃപ്തിയടയാൻവേണ്ടി മാത്രം എഴുതിയിട്ടുള്ളതാണോ എന്നു സംശയിക്കത്തക്കവിധത്തിലിരിക്കുന്നു എന്നും ആൎക്കും കാണാവുന്നതാണു്.

ആ ലേഖനം തുടങ്ങുന്നതുതന്നെ "മി. വാൎയ്യരുടെ സരസമായ 'തൎക്കുത്തരം' കണ്ടു" എന്നുള്ള വാചകംകൊണ്ടാണു്. ഈ വാചകത്തിലെ 'തൎക്കുത്തരം' എന്ന വാക്കുതന്നെ ഉദ്ധരിണികൾകൊണ്ടു് പ്രത്യേകം തിരിച്ചുകാണിച്ചുകൊണ്ടുള്ള മി. കുറുപ്പിന്റെ പുറപ്പാടു് എന്നെപ്പററിയുള്ള ആക്ഷേപങ്ങളുടെ ഒരു തിരക്കിനോട്ടമായിട്ടു് ഗണിക്കത്തക്കവിധത്തിലാണു് ആ ലേഖനത്തിന്റെ ഗതിയിൽനിന്നും മനസ്സിലാക്കേണ്ടതു്. 'തൎക്കുത്തരം' എന്ന വാക്കുതന്നെ നിന്ദാൎത്ഥവും ഈ ആവശ്യത്തിനുവേണ്ടി ദുൎവ്വിനിയോഗിച്ചതുമാണെന്നു് സ്പഷ്ടമാകുന്നു.

അടുത്തവാചകം ഇതാണു "മി. വാൎയ്യൎക്കല്ലാതെ ഇത്തരത്തിലുള്ള ഒരുമറുപടി എഴുതുന്നതിനു് മനസ്സോ ധൈൎയ്യമോ ഉണ്ടാകുമോ എന്നറിയുന്നില്ല" ഈ വാചകത്തിൽ നിന്നു് മി. കുറുപ്പിനും അദ്ദേഹത്തിന്റെ മനസ്ഥിതിയുള്ള ആളുകൾക്കും അങ്ങിനെ ഒരുമറുപടി എഴുതുവാൻ മനസ്സോ ധൈൎയ്യമോ ഉണ്ടാകയില്ലാ എന്നേ അനുമാനിക്കാൻ മാൎഗ്ഗം കാണുന്നുള്ളു. ലോകത്തിലുള്ള സകലയാളുകളുടേയും മനഃസ്ഥിതി അറിയുന്നതിനു് മി. കുറുപ്പു ശ്രമിച്ചതായോ, അങ്ങിനെ ശ്രമിച്ചാൽതന്നെ ആ ഉദ്യമം സഫലമാകുമെന്നോ വിചാരിക്കാൻ ന്യായം കാണുന്നില്ല.

അത്രയുമല്ലാ ഈ വിഷയത്തെപ്പററി ഇതുപോലെ സ്വാഭിപ്രായം സധൈൎയ്യം തുറന്നുപറയുന്ന ശീലമുള്ള മററാരാളെങ്കിലുമുണ്ടോ എന്നു് അറിയാൻ ശ്രമിച്ചശേഷമാണോ മി. കുറുപ്പു് ഇങ്ങനെ ഒരുവാചകം എഴുതിവിട്ടതു് എന്നും ഊഹിക്കുവാൻ നിവൃത്തിയില്ല. അവനവന്റെ അഭിപ്രായം ശരിയായിട്ടുള്ളതാണെന്നു് ദൃഢമായ വിശ്വാസമുള്ള ആളുകൾക്കു് അതിനെ സധൈൎയ്യം പറയുന്നതിനു് യാതൊരു ക്ലേശവും ഉണ്ടാകയ

ല്ലാ എന്നുള്ള പരമാൎത്ഥത്തിന് ലോകചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിലും കാണാവുന്നതാണ്. തങ്ങളുടെ വിശ്വാസത്തിനും അഭിപ്രായത്തിനും വേണ്ടി മരണത്തെത്തന്നെയും വരിച്ചവരുടെ എണ്ണവും കുറവല്ല. തന്റെ അഭിപ്രായം വാസ്തവത്തിൽ താൻതന്നെ ദൃഢമായി വിശ്വസിക്കുന്നുവോ എന്ന് അന്യൎക്ക് മനസ്സിലാകുന്നതിനുള്ള ഒരു മാൎഗ്ഗം തന്നെ അതിനെ ധൈൎയ്യമായും ശക്തിയായും പറയുകയും അതനുസരിച്ചു പ്രവൎത്തിക്കുകയും ചെയ്യുകയാകുന്നു. ഈ മനസ്ഥിതിക്ക് ഇംഗ്ലീഷുഭാഷയിൽ "Courage of conviction" എന്നും സംസ്കൃതത്തിൽ "സ്വപ്രത്യയസ്ഥൈൎയ്യം" എന്നും പറയപ്പെട്ടുവരുന്ന അഭിപ്രായത്തിന്റെ ദാൎഢ്യംമാത്രമാണ് അതിനെ ധൈൎയ്യമായി പ്രതിപാദിക്കുന്നതിന് പ്രേരിപ്പിക്കുന്ന ശക്തി. തന്റെ അഭിപ്രായം തുറന്നുപറയുന്നതിൽ ഭീരുത്വം ആരെങ്കിലും പ്രദൎശിപ്പിക്കുന്നതായി കാണുന്നുവെങ്കിൽ, ആയാൾക്ക് ആ അഭിപ്രായത്തിൽ ശരിയായ വിശ്വാസമില്ലെന്ന് അനുമാനിക്കണം എന്നാണ് മനശാസ്ത്രജ്ഞന്മാരുടെ മതം. ആ സ്ഥിതിക്ക് മി. കുറുപ്പിന്റെ, മേൽ ഉദ്ധരിച്ചവാചകം എന്റെ വിശ്വാസദാൎഢ്യത്തിന് ഒരുനല്ല സാക്ഷിപത്രമായിട്ടു മാത്രമെ പരിണമിക്കുന്നുള്ളു എന്ന് ഞാൻ സന്തോഷിക്കതന്നെ ചെയ്യുന്നു

അടുത്ത വാചകം ഇതാണ് 'മി. വാൎയ്യരുടെ ഉപന്യാസത്തിന്റെ കുറേഭാഗം വാദമുഖത്തിൽ നിന്നുള്ള വ്യതിചലനം മാത്രമാണ്.' വ്യതിചലനം ആരിലാണ് പ്രത്യക്ഷപ്പെട്ടതെന്ന് ആദ്യമായി പരിശോധിക്കാം. ആരോഗ്യം ൪ാംവാല്യം ൩൫-ാം വശത്തു്, ജലസ്പൎശസ്നാനം ചെയ്യുമ്പോൾ തടവേണ്ടതു് മേല്പോട്ടോ കീഴ്പോട്ടോ എങ്ങിനെ വേണമെന്നും എങ്ങോട്ടാണെങ്കിലും അതിനുള്ള യുക്തിയെന്താണെന്നും മാത്രമാണ് സംശയം ചോദിച്ചിട്ടുള്ളതു്. എന്നാൽ ടി വാല്യം ൩൮൦ാം വശത്തു ചേൎത്തിട്ടുള്ള മി. കുറുപ്പിന്റെ മറുപടിയിൽ ജലസ്പൎശസ്നാനത്തെപ്പററി മാത്രമല്ലാ, നാഭിസ്നാനത്തേയും ഗൎഭകാലത്ത് നാഭിസ്നാനം ചെയ്യാലുള്ള ദോഷത്തേയും, 'ജലസ്പൎശസ്നാനം' എന്ന

പദത്തെക്കുറിച്ചു തന്നെയും പ്രതിപാദിച്ചു കാണുന്നു. ഈ പ്രവൃത്തി മി. കുറുപ്പിൻെറ ഭാഷയിൽ 'വ്യതിചലനം' മല്ലെന്ന് ഉഊഹിക്കേണ്ടിയിരിക്കുന്നതിനാൽ വ്യതിചലനം എന്ന വാക്കിനു എന്തർത്ഥമാണ് മി കുറുപ്പു കൊടുത്തിട്ടുള്ളതെന്ന് തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ലാതെ വരുന്നു. മീനം ലക്കത്തിൽ ചേർത്തിരിക്കുന്ന 'ഉപവേശസ്ഥാനം' എന്ന ലേഖനത്തിൻെറ സിംഹഭാഗവും എന്നെ ഉദ്ദേശിച്ചു വിട്ടിട്ടുള്ള ആക്ഷേപ ശരങ്ങളെക്കൊണ്ട് മി. കുറുപ്പു നിറച്ചിരിക്കുകയാണ്. അതും മി. കുറുപ്പിൻെറ ഭാഷയിൽ "വാദമുഖത്തിൽ നിന്നുള്ള വ്യതിചലനം" അല്ലായിരിക്കും എൻെറ ഉപന്യാസത്തിൻെറ ഏതെല്ലാം ഭാഗങ്ങളാണ് വ്യതിചലനമെന്ന് മി. കുറുപ്പു വിധിച്ചിട്ടുള്ളതെന്ന് അദ്ദേഹം എടുത്തുകാണിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ആ സംഗതിയെപ്പററി മറുപടി പറയാൻ നിവൃത്തിയില്ലല്ലോ.

'ഇതരജോലികൾക്കിടയിൽ പ്രകൃതിചികിത്സാവിഷയകമായ ദുർല്ലഭം ചില പുസ്തകങ്ങൾ വായിച്ചിട്ടുള്ള മി. വാദ്ധ്യർക്കും എനിക്കും പ്രകൃതിചികിത്സാഗ്രേസരന്മാരാകാം'. എന്നൊരു വാചകം മി. കുറുപ്പ് എഴുതിച്ചേർത്തിരിക്കുന്നതു കണ്ടപ്പോൾ ഉണ്ടായ ചിരി അടക്കുന്നതിന് എനിക്ക് സാമാന്യത്തിലധികം ശ്രമമുണ്ടായി. ഈ വാചകത്തിൽ നിന്ന് താഴെപറയുന്ന സംഗതികൾ പ്രത്യക്ഷപ്പെടുന്നു. ഒന്നാമത്ത് ഞാൻ പ്രകൃതിചികിത്സാവിഷയകമായ ദുർല്ലഭം ചില പുസ്തകങ്ങൾ മാത്രമേ വായിച്ചിട്ടുള്ളു എന്നാണ് മി കുറുപ്പ് കരുതുന്നത്. ആ വിവരം മി. കുറുപ്പിന് നല്ല നിശ്ചയമുള്ളതുപോലെയാണ് അദ്ദേഹം പ്രസ്താവിക്കുന്നതു. രണ്ടാമത്ത് ഞാൻ പ്രകൃതിചികിത്സാഗ്രേസരൻ ആയിരിക്കുന്നു. മൂന്നാമത്ത് മി: കുറുപ്പ് പ്രകൃതിചികിത്സാവിഷയകമായ ദുർല്ലഭം ചിലപുസ്തകങ്ങൾ മാത്രമേ വായിച്ചിട്ടുള്ളു. നാലാമത്ത് മി. കുറുപ്പു പ്രകൃതിചികിത്സാഗ്രേസരനായിരിക്കുന്നു. മേൽ ഉദ്ധരിച്ച വാചകത്തിൽ നിന്നും ഇങ്ങിനെ തെളിഞ്ഞുകാണുന്ന നാലു സംഗതികളിൽ ഒടുവിൽ പറഞ്ഞ രണ്ടു സംഗതികളും മി. കുറുപ്പിനു നിശ്ചയമായി അറിയാമെന്നുള്ളതിന് സം

ശയമില്ല. എന്നാൽ ആദ്യം പറഞ്ഞ രണ്ടു സംഗതികളും അങ്ങിനെ അറിയുന്നതിന് മി. കുറുപ്പിന് ഒരിക്കലും സാധിച്ചിട്ടില്ലെന്ന് എനിക്കു നിശ്ചയമുണ്ട്. പ്രകൃതിചികിത്സാവിഷയകമായ ഏതെല്ലാം പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ടെന്ന് ഞാൻ ഒരുത്തരോടും ഇതേവരെ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ആ സംഗതി അറിയുന്നതിന് മി. കുറുപ്പിന് യാതൊരു മാൎഗ്ഗവും ഇല്ല. രണ്ടാമതായി, ഞാൻ പ്രകൃതിചികിത്സാഗ്രേസരനാണെന്ന് ഇതേവരെ വിചാരിക്കുകയോ, നടിക്കുകയോ ഞാൻ ചികിത്സിച്ചവരുടെ വിവരമോ അങ്ങിനെ ചികിത്സിച്ച രോഗികളിൽ ആരുടെ എങ്കിലും എഴുത്തുകളൊ സർട്ടിഫിക്കേററുകളൊ പ്രസിദ്ധപ്പെടുത്തുകയൊ ചെയ്തിട്ടില്ലാത്തതും അങ്ങിനെ ചെയ്വാൻ ഉദ്ദേശിക്കുന്നില്ലാത്തതും ആകുന്നു. എന്നാൽ ആരെങ്കിലും ഒരഭിപ്രായം പറഞ്ഞാൽ ആ ആളിന് ആ വിഷയത്തെപ്പററി അഭിപ്രായം പറയത്തക്ക ശാസ്ത്രജ്ഞാനമോ, വൈദഗ്ദ്ധ്യമൊ, പഴക്കമൊ ഉണ്ടോ എന്ന് അന്വേഷിക്കുന്നത് എന്റെ സ്വഭാവമാണ്. കൂടാതെ:

"യുക്തിയുക്തമുപാദേയം
വചനംബാലകാദപി
അന്യത്തൃണമിവത്യാജ്യം"
അപ്യുക്തംപത്മയോനിനാ

എന്നുള്ള തത്വത്തെ ഞാൻ വളരെക്കാലമായി സ്വീകരിച്ച് അനുഷ്ഠിച്ചു വരുന്നതുകൊണ്ടു് യുക്തിക്കും ശാസ്ത്രത്തിനും അനുഭവത്തിനും യോജിച്ച അഭിപ്രായങ്ങളെ മാത്രമേ ഞാൻ സ്വീകരിക്കയുള്ളു എന്ന് എനിക്കു നിർബ്ബന്ധവുമുണ്ട്. ഇതിനെ അടിസ്ഥാനമാക്കിയാണ് മി. കുറുപ്പ് ഉദ്ധരിച്ചിരുന്ന ചില അഭിപ്രായങ്ങളെ ഞാൻ എതിൎത്തുപറഞ്ഞതു്. അല്ലാതെ പ്രകൃതി ചികിത്സാഗ്രേസരനാണെന്നുള്ള വിചാരം കൊണ്ടല്ലാ ഞാൻ അങ്ങിനെ ചെയ്തതു്.

"മി. ചാററർജിക്കുള്ള ഒരുവലിയ ന്യൂനത പ്രായം പോരാത്തതാണ്" എന്ന് മി. കുറുപ്പ് എഴുതിയിരിക്കുന്നു. എന്റെ ലേ

ഖനത്തിൽ അതു് ഒരുവലിയ ന്യൂനതയായി ഞാൻ പറഞ്ഞിട്ടില്ലാ എന്നു് ആ സംഗതിയെപ്പററി പറയുന്ന വാചകത്തിൽ നിന്നും പ്രത്യക്ഷമാകുന്നതാണു്. ആ വാചകം ചുവടേ ചേക്കുന്നു "മി. നിമ്മലചന്ദ്രചാററർജി തന്നെ പരിചയം കൊണ്ടോ, പാണ്ഡിത്യംകൊണ്ടോ, പ്രായംകൊണ്ടു തന്നെയോ പ്രമാണമായി സ്വീകരിക്കത്തക്ക ഒരഭിപ്രായം പറയുവാൻ അർഹതയുള്ള ആളാണെന്നു് ഞാൻ വിചാരിക്കുന്നില്ല". ഇതിൽ നിന്നു് മി. ചാററർജിക്കുള്ള ന്യൂനത പ്രധാനമായി പരിചയക്കുറവും പാണ്ഡിത്യക്കുറവും ആണെന്നും അദ്ദേഹത്തിനു് പ്രായം കൊണ്ടുപോലും പ്രാമാണികമായ ഒരഭിപ്രായം പറയുന്നതിനു് അർഹതയില്ലെന്നും ആണു് ഞാൻ പറഞ്ഞിട്ടുള്ളതെന്നു് പ്രത്യക്ഷമാകുന്നു. ഈ സ്ഥിതിക്കു് പ്രായക്കുറവു് ഒരു വലിയ ന്യൂനതയായി ഞാൻ പറഞ്ഞിരിക്കുന്നെന്നു് വ്യാഖ്യാനിക്കേണ്ട ആവശ്യമില്ലായിരുന്നു.

"സമഷ്ടിയായി പറയുന്നതായാൽ മി. വാര്യരുടെ പിടിത്തം തൻെറ അഭിപ്രായം ശരിയായിട്ടുള്ളതാണെന്നും അതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം പുറപ്പെടുവിക്കുന്നവരെല്ലാം അബദ്ധക്കാരാണെന്നുമാണു് എന്നു് അദ്ദേഹത്തിൻെറ ലേഖനങ്ങൾ വിളിച്ചുപറയുന്നുണ്ടു്. ക്രൂണിയുടെ അഭിപ്രായമാണു് താൻ പുറപ്പെടുവിച്ചിട്ടുള്ളതു് എന്ന അഭിമാനവും അദ്ദേഹത്തിനു് നല്ലപോലെഉണ്ടു്" എന്നു് മി. കുറുപ്പു് അഭിപ്രായപ്പെടുന്നു. ഇതിൽ എൻെറ അഭിപ്രായത്തിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം പുറപ്പെടുവിക്കുന്നവരെല്ലാം അബദ്ധക്കാരാണു് എന്നു് എൻെറ ലേഖനങ്ങൾ വിളിച്ചുപറയുന്നുണ്ടു് എന്നു പറയുന്ന ഭാഗത്തെപ്പററി മാത്രം സ്വല്പംപറയേണ്ടിയിരിക്കുന്നു. എൻെറ അഭിപ്രായം തെററാണെന്നു് എനിക്കു ബോദ്ധ്യം വരുന്നതുവരെ അതിനെ ഞാൻ വച്ചുകൊണ്ടിരിക്കും എന്നുള്ളതു് തക്കമററ സംഗതിയാണു്. എന്നാൽ എൻെറ അഭിപ്രായത്തിനു വിപരീതമായ അഭിപ്രായം പുറപ്പെടുവിക്കുന്നവരെല്ലാം 'അബദ്ധക്കാരാണെ'ന്നു് ഞാൻ ഒരിക്കലും വിചാരിക്കുകയോ പറയുക

യോ ചെയ്യുകയില്ല. പക്ഷേ, അവരുടെ അഭിപ്രായത്തിന്റെ യോഗ്യതയെപ്പററി ഞാൻ ശരിയായി നിരൂപണം ചെയ്യും. ഇങ്ങിനെ ചെയ്യുന്നതു് അവരെ അബദ്ധരാക്കുന്നതിനോ ആക്ഷേപിക്കുന്നതിനോ വേണ്ടിയല്ലാ, സംഗതിയുടെ യാഥാത്ഥ്യം വെളിപ്പെടുത്തുന്നതിനു മാത്രമാണ്. വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ശേഖരിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മി. കുറുപ്പുതന്നെ ആ അഭിപ്രായങ്ങളെ ഗണിക്കാതെ തന്റെ അഭിപ്രായത്തെത്തന്നെ ബലപ്പെടുത്തി "എന്റെ അഭിപ്രായം സ്ത്രീകളും പുരുഷന്മാരും കീഴ്പോട്ടുതടവണമെന്നു തന്നെയാണ്" എന്നു മീനം ലക്കത്തിലെ ലേഖനത്തിൽ തീൎത്തു പറഞ്ഞിരിക്കുന്നു. ഈ പ്രവൃത്തി കൊണ്ട് മി. കുറുപ്പു് താൻ ശേഖരിച്ച അഭിപ്രായങ്ങളുടെ ഉടമസ്ഥന്മാരായ യോഗ്യന്മാരെ സുബദ്ധന്മാരാക്കിത്തീൎക്കുകയാണോ ചെയ്തതെന്നു് എനിക്കു മനസ്സിലാകുന്നില്ല. എതിർപക്ഷത്തുനിന്നും ഹാജരാക്കിയ അഭിപ്രായങ്ങളെ ബഹുമാനിക്കാതെ തള്ളിയതായ എന്റെ പ്രവൃത്തിനിമിത്തം ആ അഭിപ്രായങ്ങളുടെ ഉടമസ്ഥന്മാർ അബദ്ധന്മാരായിത്തീരുമെങ്കിൽ, അവരുടെ അഭിപ്രായം അപേക്ഷിച്ചു് പ്രയാസപ്പെട്ടുവാങ്ങി പ്രസിദ്ധപ്പെടുത്തി എതിർപക്ഷക്കാരനെക്കൊണ്ടു് ആ അഭിപ്രായങ്ങളുടെ ഉടമസ്ഥന്മാക്ക് 'അബദ്ധന്മാർ' എന്നുള്ള സർട്ടിഫിക്കേററു വാങ്ങിക്കൊടുത്തിട്ടും തൃപ്തിയാകാതെ ആ അഭിപ്രായങ്ങളെതള്ളി അവയ്ക്കു യോജിക്കാത്ത തന്റെ അഭിപ്രായം ശരിയാണെന്നു് ഉറപ്പിക്കുന്ന മി. കുറുപ്പാണോ അവരെ അബദ്ധന്മാരാക്കിയതു് അതോ ഞാനാണോ എന്നു് വിധിക്കാൻ എനിക്കു അധികാരമില്ലല്ലൊ.

ആരോഗ്യം നാലാംവാല്യം ൩൳൯-ാം പുറത്തു് മി. കുറുപ്പിന്റെ ലേഖനത്തിൽ "മേലോട്ടും കീഴോട്ടും പതുക്കനെ തടവരുതു്" എന്നു പറഞ്ഞിരിക്കുന്നു. ഇങ്ങിനെ തന്റെ ആദ്യലേഖനത്തിൽ പറഞ്ഞ മി: കുറുപ്പു് മേലോട്ടും കീഴോട്ടും തടവണമെന്നുള്ള അഭിപ്രായങ്ങളെ എഴുതി അയച്ചുവരുത്തി തന്റെ ലേഖനത്തിൽ പ്രസിദ്ധപ്പെടുത്തി ആ അഭിപ്രായക്കാരെ അബദ്ധരാക്കിയതും നന്നായോ എന്നും എനിക്കു നിശ്ചയമില്ല.

"മി. ശർമ്മാവിൻെറ ഈ അഭിപ്രായം കാണുമ്പോൾ മി. വാഡ്യർ താൻകൊടുത്ത സർട്ടിഫിക്കേററ് എടുത്തുകളയുമോ, അല്ലാ 'മൂലത്തിലില്ലാത്ത ഒരുഭാഗം എടുത്തുപറഞ്ഞു കൃതാൎത്ഥത നേടുവാൻ ശ്രമിച്ചകുററം ക്ഷന്തവ്യവും നിസ്സാരവുമാണെങ്കിലും അഭിമാനാർഹമല്ലാ' എന്നു പറയുവാൻ ഒരുമ്പെടുമോ എന്ന് അറിയുന്നില്ല." എന്ന് മി. കുറുപ്പ് പറയുന്നു. ഈ വാചകത്തിൽ രണ്ടു സംഗതികളാണ് അടങ്ങിയിരിക്കുന്നത്. ഒന്ന് മി. ശർമ്മായുടെ അഭിപ്രായം കാണുമ്പോൾ ഞാൻ അദ്ദേഹത്തിനു കൊടുത്ത സർട്ടിഫിക്കേററ് എടുത്തുകളയുമോ എന്നുള്ള സംശയവും, മറേറത് മി കുറുപ്പിൻെറ ലേഖനങ്ങളിൽ ഒന്നിലധികം സ്ഥലത്ത് പകത്തിയിട്ടുള്ള എൻെറ ഒരു വാചകത്തെ ഞാൻ പിന്നീടും ഉറപ്പിച്ചു പറയുമോ എന്നും ഉള്ളതാണ്. ഇതിൽ ആദ്യത്തെ സംഗതി തന്നെ ആദ്യം എടുക്കാം. എൻെറ ലേഖനത്തിൽ, മി. ചാററർജിയുമായി താരതമ്യപ്പെടുത്തുമ്പോൾവളരെ ഉയൎന്നപടിയിലാണ് മി. ശർമ്മാ നിൽക്കുന്നത് എന്നേ പറഞ്ഞിട്ടുള്ളു. സർട്ടിഫിക്കേററു കൊടുക്കത്തക്ക യോഗ്യതയുണ്ടെന്ന് എനിക്കു പൂൎണ്ണബോദ്ധ്യംവന്നാൽ മാത്രമേ സർട്ടിഫിക്കേററു കൊടുക്കയുള്ളു എന്ന് എനിക്കു നിർബ്ബന്ധമുള്ളതുകൊണ്ട് ഞാൻ ഇതേവരെകൊടുത്തിട്ടുള്ള സർട്ടിഫിക്കേററുകളൊന്നും എടുത്തു കളയേണ്ടയാവശ്യം എനിക്കുണ്ടായിട്ടില്ലാ. പറഞ്ഞ അഭിപ്രായത്തെ മക്കടമുഷ്ടിയോടുകൂടി ബലമായി പിടിക്കുന്ന ആളാണ് ഞാനെന്ന് മി. കുറുപ്പിനു തോന്നിയിട്ടുള്ളതായി അദ്ദേഹത്തിൻെറ ലേഖനംകൊണ്ടു കാണുന്നസ്ഥിതിക്ക് ഇങ്ങനെ ഒരു സംശയത്തിന് അദ്ദേഹത്തിനു വഴിയില്ലായിരുന്നു ഇതുപോലെയുള്ള സന്ദൎഭത്തിൽ താൻ ചെയ്യുമായിരുന്ന പ്രവൃത്തി ഞാനും ചെയ്യേക്കുമെന്നു അദ്ദേഹം ഊഹിച്ചതു മനുഷ്യസ്വഭാവമാണ്.

പ്രകൃതിചികിത്സാവിഷയകമായ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുള്ളതു് ഗണിച്ചറിവാൻ ശക്തിയുള്ള മി. കുറുപ്പിന് ഈ സംഗതിയും അങ്ങിനെ അറിയുവാൻ സാധിച്ചതു് അത്ഭുതമ

ല്ലാ. മി. ശർമ്മായോ, മി. സ്വരൂപോ ഈ വിഷയത്തെക്കുറിച്ചു അഭിപ്രായം പറഞ്ഞു് ഈ വാദം അവസാനിപ്പിക്കണമെന്ന് എനിക്കു വിചാരമില്ലായിരുന്നു എന്ന് എൻെറ ലേഖനത്തിൽ നിന്നു തന്നെ വെളിവാകുന്നതാണ്. ഈ സ്നാനം ജർമ്മനിയിൽ ഏതുതരത്തിലാണ് നടത്തിവരുന്നതെന്ന് എഴുതിയയച്ചു മറുപടി വരുത്തി ആരോഗ്യം മാസികയിൽ പ്രസിദ്ധപ്പെടുത്തണമെന്നും അതു് ഇന്ന മേൽവിലാസത്തിൽ എഴുതി അയയ്ക്കണമെന്നും ആണ് എൻെറ ലേഖനത്തിൽ പറഞ്ഞിട്ടുള്ളതു്. ഇതുകൊണ്ടു ഇതിൻെറ തീരുമാനം ജർമ്മനിയിൽ നിന്നും മറുപടി വന്നതിനു ശേഷമേ ഉണ്ടാകുന്നതിന് ഞാൻതയാറുള്ളു എന്ന് പ്രത്യക്ഷമാണ്. ജർമ്മനിയിൽ നിന്നുള്ള മറുപടിയിൽ കീഴ്പോട്ടാണു തിരുമ്മേണ്ടതെന്നു കാണുന്നപക്ഷം ആ നിമിഷം മുതൽ എൻെറ അഭിപ്രായത്തെ മാററി ആ അഭിപ്രായത്തെ സ്വീകരിച്ചു് പ്രവൎത്തിക്കുന്നതിന് ഞാൻ സസന്തോഷം സന്നദ്ധനായിരിക്കുന്നതുകൊണ്ട് എന്നിൽ മി. കുറുപ്പു കണ്ട മക്കടമുഷ്ടി വാസ്തവത്തിലുള്ളതല്ലാ എന്ന് ലോകൎക്കു ബോദ്ധ്യപ്പെടുന്നതാണ്. മി. ശർമ്മായെപ്പററി ഞാൻ പറഞ്ഞിട്ടുള്ള അഭിപ്രായം ഇപ്പോഴും ഉറപ്പിച്ചുതന്നെ പറയുന്നു. അദ്ദേഹം പറഞ്ഞിട്ടുള്ള അഭിപ്രായം വാദവിഷയത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ള മൂന്നഭിപ്രായങ്ങളും ശരിയാണെന്നു കാണിക്കുന്നു. ആ സ്ഥിതിക്ക് അദ്ദേഹത്തിൻെറ അഭിപ്രായം ആ മൂന്നഭിപ്രായക്കാൎക്കും ഒരുപോലെ സഹായമായിരിക്കുന്നു എന്നേ പറയാനുള്ളു.

ഇനിയും പ്രസ്തുതവാചകത്തിൽ അടങ്ങിയിരിക്കുന്ന രണ്ടാമത്തെ സംഗതിയെപ്പററി ചിന്തിക്കാം. 'മൂലത്തിച്ചില്ലാത്ത...... എന്നു തുടങ്ങുന്ന വാചകം തക്കതായ ഒരു സന്ദൎഭത്തെ അടിസ്ഥാനപ്പെടുത്തി പറഞ്ഞിട്ടുള്ള ഒരഭിപ്രായമാണ്. ധന്വലക്കത്തിലെ മി. കുറുപ്പിൻെറ ലേഖനം ആ അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നു. ആരോഗ്യം ൫-ാം വാല്യം ൧൩൩-ാം വശത്തു് "പ്രകൃതിചികിത്സാഗ്രേസരനും നേച്ചർഹീലർ പത്രാധിപരും ആയ ശ്രീമാൻ നിൎമ്മല ചാററർജി അവർകളുടെ അഭിപ്രായം എ

ൻെറ അഭിപ്രായത്തോടു പൂൎണ്ണമായി യോജിക്കുന്നുണ്ടെന്നു് പറയേണ്ടതില്ലല്ലോ" എന്നു് മി. കുറുപ്പു് പറഞ്ഞുകാണുന്നു. ഇതിനെപ്പററി ടി വാല്യം ൨൩൨-ാംവശത്തു് ഞാൻ നിരൂപണം ചെയ്തിട്ടുണ്ടു്. ആ ഭാഗത്തെ ഇവിടെ ഉദ്ധരിച്ചു് ലേഖനത്തെ ദീൎഘിപ്പിക്കുന്നില്ല. മി. ചാററർജി അഭിപ്രായം പറഞ്ഞതു് പുരുഷന്മാരുടെ ജലസ്പൎശസ്നാനത്തെക്കുറിച്ചാണു്, വാദവിഷയത്തെപ്പററി അദ്ദേഹം ഒരഭിപ്രായവും പറഞ്ഞിട്ടുമില്ല. ആ സ്ഥിതിക്കു് അദ്ദേഹത്തിൻെറ അഭിപ്രായം വാദവിഷയത്തിനു്, അതാവിതു് സ്ത്രീകളുടെ ജലസ്പൎശസ്നാനത്തിനു്, പ്രമാണമാണെന്നും അതു് തൻെറ അഭിപ്രായത്തോടു പൂൎണ്ണമായി യോജിച്ചതാണെന്നും മി. കുറുപ്പു പറയുന്നതു് എൻെറ വാചകത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായത്തെ ബലപ്പെടുത്തുകയാണു് ചെയ്യുന്നതു്. മി. കുറുപ്പിൻെറ ലേഖനം നോക്കിയാൽ ആ വാചകത്തെപ്പററി അദ്ദേഹത്തിനു എന്തോവല്ലായ്മയുള്ളപോലെ തോന്നുന്നു. ആ വാചകം കണ്ടതിനുശേഷമുള്ള അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ എല്ലാം അതു് ഒരു പ്രധാനസ്ഥാനത്തെ അപഹരിക്കുന്നതായി കാണുന്നതുകൊണ്ടു് മേൽപ്രകാരം ഊഹിക്കുന്നതാണു്. ധനു ലക്കംമാസികയിൽ മി. കുറുപ്പിൻെറ ലേഖനത്തിൽ ഈ വാചകത്തെപ്പററി "ഏതായാലും ഈ വാചകം അദ്ദേഹത്തിൻെറ പരിശുദ്ധമായ മനസ്ഥിതിയെ വിളംബരപ്പെടുത്താൻ പൎയ്യാപ്തമാകുമെന്നുള്ളതിൽ എനിക്കു സന്ദേഹംതോന്നുന്നില്ല. ഏതായാലും ഇപ്രകാരമുള്ള വാചകങ്ങളും അദ്ദേഹം തൻെറ ഉപന്യാസത്തിൻെറ അനൎഘമായ ഭൂഷണങ്ങളായും അത്യന്താവശ്യകങ്ങളായും കരുതുന്നുണ്ടെങ്കിൽ അദ്ദേഹം ആ വിചാരത്തോടുകൂടി കൃതാൎത്ഥനായിരിക്കട്ടെ എന്നുമാത്രമേ എനിക്കു പറയാനുള്ളൂ" എന്നാണു് പറഞ്ഞിട്ടുള്ളതു്. തക്കതായ ഒരു സന്ദൎഭത്തെ അടിസ്ഥാനമാക്കി ഞാൻ പറഞ്ഞ ഒരഭിപ്രായത്തെ വിമൎശിക്കുന്നതിനു് ആരോഗ്യം മാസികയുടെ ഒരു വശത്തിൻെറ പകുതിയോളം സ്ഥലം ഉപയോഗിച്ചിരിക്കുന്ന മി. കുറുപ്പു് യാതൊരു സന്ദൎഭമോ അടിസ്ഥാനമോ ഇല്ലാതെ മീനം ലക്കത്തിൽ എന്നെപ്പററി പ

റഞ്ഞിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ചു മി. കുറുപ്പിൻെറ രീതിയിൽ നിരൂപണം ചെയ്തുതുടങ്ങിയാൽ അതു് ഒരു വിപുലമായ ലേഖനമായിത്തീരുവാനിടയുള്ളതുകൊണ്ട്, അതിനായി ഒരുങ്ങാതെ അത്യാവശ്യമായ കാൎയ്യങ്ങളെ മാത്രം എടുത്തുകാണിച്ചു് മറുപടി പറഞ്ഞിട്ടുള്ളതാണ്. ഈ ലേഖനത്തിൻെറ അവസാനത്തിൽ മി. കുറുപ്പിൻെറ രീതിയിൽ അദ്ദേഹത്തിനു മറുപടി കൊടുക്കുന്നതിന്, ഇതിനുവിഷയമായ അദ്ദേഹത്തിൻെറ ലേഖനവും, അദ്ദേഹം ധന്വലക്കത്തിൽകാണിച്ചു തന്നതായ ഉദാഹരണവും കൊണ്ടു് എനിക്കു പൂൎണ്ണമായ അവകാശവും അധികാരവും ഉണ്ടെങ്കിലും, അദ്ദേഹത്തെപ്പോലെ ഞാൻ ഈ അവകാശത്തെ ഉപയോഗിക്കണമെന്നു വിചാരിക്കുന്നില്ല. ഈ ഒരു കാരണം മാത്രമാണ് ഈ ലേഖനത്തിൻെറ ഒടുവിലത്തെഭാഗം, ധന്വലക്കത്തിൽ മി. കുറുപ്പ് എഴുതിയിരുന്ന ലേഖനത്തിൻെറ അവസാനഭാഗവുമായി യാതൊരു സാമ്യവുമില്ലാതെ വന്നിട്ടുള്ളതെന്ന് വായനക്കാരെ സാദരം ധരിപ്പിച്ചുകൊള്ളുന്നു.

അഞ്ചാം വാല്യം ൧൧൦൨-ാംവരുത്തു് രണ്ടാം ഖണ്ഡികയിൽ മി. കുറുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന വാദത്തിനു നാലാം വാല്യം ൪൨൭-ാംവരുത്തു്,ഈ യുക്തി മി. കുറുപ്പ് പുറപ്പെടുവിക്കുന്നതിനു വളരെ മുമ്പുതന്നെ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്. ആ ഭാഗം ഇതാണ്.

"മുകളിൽ നിന്ന് കീഴ്പോട്ടായിരുന്നു തടവേണ്ടതെങ്കിൽ തുണിവെള്ളത്തിൽ മുക്കി മുകളിൽ നിന്നും കീഴ്പോട്ടുതലോടണമെന്ന്നിശ്ചയമായും ക്രൂണി പറയുമായിരുന്നു. അങ്ങിനെ പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കും എപ്പോഴും കഴിയുന്നിടത്തോളം വെള്ളം മേല്പോട്ടു കൊണ്ടുപോകണമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടും തടവേണ്ടതു് മേല്പോട്ടുതന്നെയാണെന്ന് സിദ്ധിക്കുന്നു. ഈ അഭിപ്രായത്തിനെ ബലപ്പെടുത്തുന്ന സംഗതിയാണ് സ്ററൂളിനമീതെ ഒന്നുമുതൽ മൂന്നുവരെ ഇഞ്ചുപൊക്കത്തിൽ വെള്ളം വച്ചു ജലസ്പൎശസ്നാനം എടുക്കണമെന്നു പറഞ്ഞിരിക്കുന്ന സ്ഥല

ങ്ങളിലൊന്നും കീഴ്പോട്ടു തടവണമെന്ന് പറഞ്ഞിട്ടില്ലാത്തതു. തടവേണ്ടഭാഗംമുഴുവനും വെള്ളത്തിനടിയിലിരിക്കുന്ന അവസരത്തിൽകീഴ്പോട്ടുതടവുന്നതിനു തുണിയിൽ കഴിവുള്ളടത്തോളം വെള്ളം മേല്പോട്ടു കൊണ്ടുപോകേണ്ടആവശ്യം ഒരിക്കലും ഉണ്ടാകുന്നതല്ലാ എന്നുള്ളതു് വാദമററ സംഗതിയാണ്. ആ സ്ഥിതിക്ക് അങ്ങനെ സ്നാനമെടുക്കുമ്പോൾ വ്യത്യസ്തമായ രീതിയൽ തടവണമെന്നു നിർദ്ദേശിക്കാതിരിക്കുന്നിടത്തോളംകാലം, കീഴോട്ടുതടവണമെന്നു ക്രാനിക്ക് ഒരിക്കലും അഭിപ്രായമുണ്ടായിരുന്നതായി വിശ്വസിക്കാൻ മാർഗ്ഗം കാണുന്നില്ല, 'എൻെറ അഭിപ്രായങ്ങൾ ശരിയായാലും തെററായാലും വേണ്ടതില്ലാ, സത്യം വെളിപ്പെടുത്തേണം എന്നുള്ള, ഏകഉദ്ദേശം മാത്രമാണ് തനിക്കുള്ളതു്' എന്നു പറയുന്ന മി. കുറുപ്പ് വെളിപ്പെടുത്തിയ സത്യം എന്താണെന്നു നോക്കാം. അദ്ദേഹത്തിൻെറ അഭിപ്രായം ശരിയാണെന്നു തീരുമാനിക്കണമെന്നും തന്നെപ്പററി തക്കതായ ഒരു സന്ദർഭത്തെ ആസ്പദമാക്കി അന്യൻ അഭിപ്രായം പറഞ്ഞാലും അതിൽക്ഷോഭിക്കുന്ന പ്രകൃതം തനിക്കുണ്ടെന്നും ആ ക്ഷോഭത്തിൻെറ ഫലമായി എതിർ കക്ഷിയെ കഴിയുന്നവിധം ആക്ഷേപിക്കുന്നതു തനിക്കു രസമാണെന്നും ഉള്ള സത്യമാണ് അദ്ദേഹത്തിൻെറ ലേഖനങ്ങൾ കൊണ്ടു മി. കുറുപ്പ് വെളിപ്പെടുത്തിക്കാണുന്നതു്. 'വേറൊരാളുമായി നീ വാദം നടത്തുമ്പോൾ അയാൾ വാദവിഷയത്തെ വിട്ട് നിന്നേ ആക്ഷേപിക്കാൻ തുടങ്ങുന്നതു കണ്ടാൽ അയാളുടെ യുക്തികൾ അസ്തമിച്ചുപോയി എന്നു മനസ്സിലാക്കി അയാളുമായുള്ള വാദം നീ നിറുത്തിക്കൊള്ളണം.' എന്നാണ് എൻെറ ഗുരു എന്നോടുപദേശിച്ചിട്ടുള്ളതു്. മീനം ലക്കത്തിലെ മി. കുറുപ്പിൻെറ ലേഖനം കൊണ്ടു് വാദത്തിൻെറ നില ഈ ഘട്ടത്തിലായിട്ടുണ്ടെന്ന് മേൽ പ്രസ്താവിച്ച സംഗതികളിൽനിന്നു കാണാവുന്നതാണ്. അതുകൊണ്ടു് മി. കുറുപ്പുമായി ഈ വിഷയത്തെപ്പററിയുള്ള വാദം ഇനിയും തുടരുന്നതിന് ഞാൻ ഉദ്ദേശിക്കുന്നില്ല. വാദം തുടങ്ങിയതു് മി. കുറുപ്പാണ്. അതിന് ഞാൻ മറുപടിയെഴുതുക മാത്രമാണു ചെ

സ്ഥിട്ടുള്ളതു്. ആ സ്ഥിതിക്കും മി. കുറുപ്പിൻെറ ലേഖനത്തിനു മറുപടിയായ ഈ ലേഖനം കൊണ്ടു് വാദം നിറുത്തുന്നതും ശരിയായി യോജിച്ചതാണു്. ആരെങ്കിലും ഒരാൾ വാദം നിറുത്താത്തപക്ഷം വാദം തുടർന്നുകൊണ്ടിരിക്കുമെന്നുള്ളതു കൊണ്ടും വാദത്തിൽ നിന്നും വായനക്കാൎക്കു പ്രത്യേക പ്രയോജനമൊന്നും ലഭിക്കാത്ത പതനത്തിൽ എത്തിയിരിക്കുന്നതുകൊണ്ടും വാദം ഇവിടെ നിറുത്തുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. അതിനാൽ ഈ വിഷയത്തെപ്പററി മി. കുറുപ്പ് ഇനിമേലാൽ എത്ര ലേഖനമെഴുതിയാലും അതിനു മറുപടി എഴുതുന്നതിനുവേണ്ടി എൻെറ സമയത്തേയും ആരോഗ്യം മാസികയുടെ വശങ്ങളേയും വിലവാക്കുന്നതിന് ഞാൻ ഉദ്ദേശിച്ചിട്ടില്ല. മി. കുറുപ്പു എന്നെ ലക്ഷ്യമാക്കി എത്രയെത്ര ക്രൂരമ്പുകൾ പ്രയോഗിച്ചാലും അവയെല്ലാം പ്രകൃതിമാതാവിൻെറ പ്രത്യേക കടാക്ഷത്താൽ കുസുമങ്ങളായി പരിണമിച്ചതിനുശേഷം മാത്രമെ എന്നെ സ്പൎശിക്കയുള്ളു എന്നു് എനിക്കു ദൃഢനിശ്ചയമുള്ളതിനാൽ അവയും എന്നിൽ സന്തോഷത്തേയും കൃതജ്ഞതയേയും മാത്രമേ ഉളവാക്കു എന്നുള്ള വാസ്തവത്തെ മാന്യ വായനക്കാരെ സാദരം അറിയിച്ചുകൊള്ളുന്നു.

ആരോഗ്യം.

(എം. പി. കുഞ്ഞമ്പു.)

മനുഷ്യജീവിതത്തിൻെറ യഥാൎത്ഥസുഖം അനുഭവിക്കേണമെങ്കിൽ ആരോഗ്യത്തെ നിലനിൎത്തിപ്പോരേണ്ടുന്നതു് എത്രയും കൎത്തവ്യമായിട്ടുള്ളതാണെന്ന ഉൽബോധം ഇന്നു പാശ്ചാത്യൎക്കുള്ളതുപോലെ ലോകത്തിൽ ഇതരസമുദായങ്ങൾക്കുണ്ടോ എന്നു

സംശയമാണ്. ആരോഗ്യരക്ഷക്കു ഉപയുക്തങ്ങളായ എല്ലാ ഏർപ്പാടുകളും അവർ എത്രയും നിഷ്ക്കർഷയോടും കൃത്യബോധത്തോടും കൂടി ചെയ്തുപോരുന്നതിനാലാണ് ഈ സമുദായം ഉത്തരോത്തരം അഭ്യുദയത്തെ പ്രാപിച്ച് ലോകത്തിൽ പ്രഥമഗണനീയന്മാരായി തീൎന്നിട്ടുള്ളത്. ഭക്ഷണം, വ്യായാമം, ശുചീകരണം മുതലായവകളിൽ അവൎക്കുള്ള കൃത്യനിഷ്ഠയാണ് അവരുടെ പലവിധമായ അഭിവൃദ്ധിക്കും കാരണമായിട്ടുള്ളത്. നേരെമറിച്ച് നമ്മുടെ ആരോഗ്യരക്ഷക്കുവേണ്ടി നാം അനുഷ്ഠിക്കുന്ന ദിനചൎയ്യങ്ങളെ ഒന്നു പൎയ്യാലോചിക്കേണ്ടിയിരിക്കുന്നു. എത്ര ശോചനീയമായ, ഒരവസ്ഥയേയാണു നാം പ്രാപിച്ചിട്ടുള്ളത്. നമുക്കു ഭക്ഷണത്തിലൊ വ്യായാമത്തിലൊ വല്ലകൃത്യവും ഉണ്ടോ? ആരോഗ്യം ശൂന്യമായ ഒരു സമുദായത്തിനു ജീവൻ എവിടെ? കുറെ കൊല്ലങ്ങൾക്ക് മുമ്പെ ഒരു യൂറോപ്യൻ, സംസാരമദ്ധ്യേ പറഞ്ഞതാണ് എനിക്കു ഈ സന്ദൎഭത്തിൽ ഓൎമ്മവരുന്നത്. "നിങ്ങളുടെ ആളുകൾ കിട്ടിയാൽ നാലുദിവസത്തെ ഭക്ഷണം ഒന്നായി കഴിക്കുകയും, നാലുദിവസം ഒന്നായി പട്ടിണികിടക്കുകയും ചെയ്യും. ഇതാണു നിങ്ങളുടെ ഇടയിൽ അധികമായി ബലശൂന്യന്മാരെ കാണുന്നതിനുള്ള മുഖ്യകാരണം." അദ്ദേഹം പറഞ്ഞതു എത്രയും വാസ്തവമായിട്ടുള്ളതാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നമുക്കുണ്ടാകുന്ന ഒട്ടുമുക്കാലും രോഗങ്ങൾ ഭക്ഷണക്രമക്കേടുകൊണ്ടുണ്ടാകുന്നതാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. നമ്മുടെ ഇടയിൽ പ്രായേണ വർദ്ധിച്ചുവരുന്ന ദാരിദ്ര്യമാണ് ഇതിനു മുഖ്യകാരണമെന്നു ഒരുപക്ഷെ പറഞ്ഞേക്കാം. ഉള്ളതു കൃത്യസമയത്തിനു ഭക്ഷിക്കാതെ വല്ല "വെടി"യും പറഞ്ഞു വീട്ടിലുള്ള സ്ത്രീകളെയും ബുദ്ധിമുട്ടിച്ചു രാത്രി പന്ത്രണ്ടുമണിയാകുമ്പോൾ തണുത്ത ഭക്ഷണവും കഴിച്ചു കിടന്നുറങ്ങുന്ന ഇടപ്രമാണികൾ നമ്മുടെ ഇടയിൽ തന്നെ അനവധിയുണ്ട്. അതങ്ങിനെ ഇരിക്കട്ടെ. ഇനി ആരോഗ്യവിഷയത്തിൽ ഒട്ടും തന്നെ അപ്രധാനമല്ലാത്ത വ്യായാമത്തെ എടുത്തുനോക്കുക. കേരളീയരുടെ ഇടയിൽ വ്യായാമം പൂജ്യംതന്നെ എന്നു നിസ്സംശ

യം പറയാവുന്നതാണ്. ഈ ഒരേപ്പാട്ട സമുദായരംഗത്തിൽ നിന്ന തീരെമറഞ്ഞുപോയ രീതിയിലാണ് ഇപ്പഴത്തെനില. പൂർവകാലങ്ങളിൽ ഗ്രാമങ്ങൾതോറും കളരികെട്ടി പയററ്, മലക്കം, മുതലായ കായികാഭ്യാസങ്ങൾ യഥോചിതം പരിശീലിപ്പിച്ചുപോന്നിരുന്നു ഇതിനും പുറമെ ഹിന്ദുക്കളുടെ ഇടയിൽ സൂര്യനമസ്കാരം, പ്രാണായാമം മുതലായവകളും പ്രചാരത്തിലുണ്ടായിരുന്നു. എന്നാൽ ആധുനിക പരിഷ്ക്കാരത്തിൻെറ ആവിർഭാവത്തോടുകൂടി ഈവകഏർപ്പാടുകളെല്ലാം ജനങ്ങളാൽ തീരെവിസ്മരിക്കപ്പെട്ടു. ആരോഗ്യവിഷയത്തിൽ നാം പ്രാപിച്ചിട്ടുള്ള ശോച്യാവസ്ഥയെസംബന്ധിച്ച അഭിനവഭീമസേനനെന്നവിഖ്യാതനായ പ്രൊഫസ്സർ രാമമൂർത്തിപറയുന്നതിനെ ഏവരും ശ്രദ്ധിക്കേണ്ടതാണ്:-"ഇന്ത്യയുടെ പ്രസ്തുത ആരോഗ്യസ്ഥിതി ഏററവും ശോചനീയംതന്നെ, ആധുനിക ഭാരതീയരുടെ ഇടയിൽ ആരോഗ്യത്തെ സംബന്ധിച്ചേടത്തോളം ഗണ്യമായ ഉദാസീനത കടന്നുകൂടീട്ടുണ്ട്. നമ്മുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ത്രീപുരുഷന്മാരിൽ ൯൦ ശതമാനവും ബലഹീനരും ബുദ്ധിവികാസം കുറഞ്ഞവരുംആയികാണുന്നതിൽ എനിക്കു അസഹ്യമായ പശ്ചാത്താപമുണ്ട്. നമ്മുടെ പൂർവ്വികന്മാർ അനുഭവിച്ചുപോന്ന ആയുഷ്കാലം ശരാശരി ൧൨൫ ആയിരുന്നതു ഇപ്പോൾ ൨൩ ആയിത്തീർന്നിരിക്കുന്നു. പൂർവ്വകാലങ്ങളിൽനമ്മുടെസ്ത്രീകൾപോലും യുദ്ധത്തിൽ പങ്കുകൊണ്ടിരുന്നു വൈറെറവെ ലെയിഡലാകമ്പനിയിൽ വിൽക്കുന്ന കളിപ്പാവകൾ ഇപ്പഴത്തെ സ്ത്രീപുരുഷന്മാരെക്കാൾ ഭേദപ്പെട്ടു കാണുന്നു."ഇതിൻെറയെല്ലാം മുഖ്യകാരണം അദ്ദേഹം പറയുന്നതു് ശാസ്ത്രങ്ങളിൽ പ്രതിവാദിക്കപ്പെട്ടിട്ടുള്ള ജീവിതാശ്രമധർമ്മങ്ങളെവിസ്മരിച്ചു, പാശ്ചാത്യരെ കണ്ണുംമൂടി അനുഗമിക്കുകയാലാണെന്നാണ്. കായികമായുംമാനസികമായുംയാതൊരഭ്യാസവും നാം ചെയ്യാത്തതിനാൽ നമ്മുടെ ഊർദ്ധ്വഗതിയെ സർവ്വപ്രകാരത്തിലും തടഞ്ഞുപോകുന്നു. പ്രാണായാമം,ആസനം, ഗായത്രി, സൂര്യനമസ്കാരം മുതലായവയെ നാം മറന്നിരുന്നില്ലെങ്കിൽ ഇന്നത്തെശോച്യാവസ്ഥയിൽ നാം

പ്രാപിക്കയില്ലായിരുന്നു എന്നു അദ്ദേഹം സങ്കടമായി പറയുന്നു. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും അംഗീകരിച്ചിട്ടുള്ള പാശ്ചാത്യവ്യായാമപാഠങ്ങളേക്കാൾ ആയിരംമടങ്ങു ഉൽകൃഷ്ടമായിട്ടുള്ളതാണ് സൂൎയ്യനമസ്കാരം എന്നാണു അദ്ദേഹം അഭിപ്രായപ്പെടുന്നതു. പ്രൊഫസ്സർ പ്രാപിച്ചിട്ടുള്ള ഈ ശ്ലാഘ്യമായ നിലക്കും കാരണമായതു് സൂൎയ്യനമസ്കാരം തുടങ്ങിയുള്ള ശാസ്ത്രീയ വ്യായാമങ്ങളാണെന്നു അദ്ദേഹം ദൃഢമായി പറയുന്നു.

വ്യായാമ വിഷയത്തിൽ വന്നു ചേർന്നിട്ടുള്ള പ്രസ്തുത കുറവിനെ പരിഹരിക്കേണ്ടുന്നതിലേക്കു അത്യുത്തമമായ ഒന്നാണു് 'സൂൎയ്യനമസ്കാരം.' ശ്രവണമാത്രയിൽതന്നെ ഇതൊരു മതസംബന്ധമായ ഏൎപ്പാടാണെന്നു കരുതി ഹിന്തുമതേതരന്മാർ ഇതിനെ ശ്രദ്ധിക്കക്കൂടി ചെയ്യുകയില്ലെന്നുള്ള ശങ്ക എനിക്കധികമായുണ്ടെങ്കിലും നമ്മുടെ ഇടയിൽ ആരോഗ്യവിഷയത്തിൽ ഏററവും മുഖ്യമായിട്ടുള്ള വ്യായാമകാൎയ്യത്തിൽ വന്നൊത്തിട്ടുള്ള ന്യൂനതയെ പരിഹരിക്കാൻ വിദ്യാൎത്ഥിലോകവും അവരെ ഇതിലേക്കു ഉത്സുകന്മാരാക്കിതീൎക്കുന്നതിലേക്കു അധികൃതന്മാരും ഒരുപക്ഷെ ശ്രമിക്കുന്നതായാൽ അതൊരു വലിയ അനുഗ്രഹമായിത്തീൎന്നേനെ എന്നുള്ള ഏകചിന്തയാണു എന്നെ ഈ ലേഖനം എഴുതുന്നതിലേക്കു പ്രേരിപ്പിച്ചതു്. സൂൎയ്യനമസ്കാരം എന്നതു ഭാരതീയൎക്കു പുതിയ ഒരവസ്ഥയല്ല. ഇതു ഏററവും മഹത്തരമായിട്ടുള്ള ഒരു വ്യായാമമായിട്ടു പണ്ടേക്കുപണ്ടുതന്നെ നമ്മുടെ പൂൎവ്വികന്മാർ ഗണിച്ചുവെച്ചിട്ടുള്ള ഒന്നാകുന്നു. ആധുനിക പരിഷ്കാരത്തിൻെറ ആഭിമുഖ്യത്തിൽ പാശ്ചാത്യരെ അനുകരിച്ചു നമ്മുടെ യുവാക്കന്മാർ പരിചയിച്ചു പോരുന്ന ഏതൊരു വ്യായാമവും ഇതരസഹായം കൂടാതെയൊ ദേശകാലസ്ഥിതി വ്യവസ്ഥ കൂടാതെയൊ ആചരിച്ചുകൂടുന്നതല്ല. ഇവയിൽ ചിലവ ഏററവും അപായകരവും കൂടിയാകുന്നു. ഇതിലും വിശേഷിച്ചു ഏതൊരു വ്യായാമവും ആചരിക്കുമ്പോൾ മനസ്സ് ഏകാഗ്രമാക്കുക എന്നുള്ളതു അത്യന്താപേക്ഷിതമാകുന്നു. പാ

ശ്ചാത്യവ്യായാമങ്ങളിൽ ഇതു സുസാദ്ധ്യമല്ല. സൂൎയ്യനമസ്കാരം ആചരിക്കുന്നതിനു മേൽപറഞ്ഞ യാതൊരു പ്രതിബന്ധങ്ങളും ഉണ്ടാകുന്നതല്ല. ഇതു പരിശുദ്ധമായ വായുസഞ്ചാരത്തോടുകൂടിയ തുറന്നസ്ഥലത്തുവെച്ചു ചെയ്യുന്നതാണ് ഏററവും നല്ലതു എങ്കിലും ഒരു മുറിയിൽവെച്ചു ഏതു സമയവും ചെയ്യുന്നതായാലും ഉദ്ദിഷ്ടകാൎയ്യം സാധിക്കാവുന്നതാണ്. സൂൎയ്യനമസ്കാരത്തെപ്പററി സത്താറാജില്ലയിലെ ഒരു സ്റ്റേയിററ് സെമിണ്ടാർ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ "സൂൎയ്യനമസ്കാരം" എന്ന പുസ്തകം ഏററവും ഉപയോഗമായിട്ടുള്ളതാകുന്നു. തന്റെ സ്റ്റേയിററ് സ്കൂളുകളിലെല്ലാം ഇതൊരു നിർബന്ധവിഷയമായിട്ടാണു നടപ്പിൽ വരുത്തീട്ടുള്ളതു്. ഈ പുസ്തകത്തിൽ ഇതിന്റെ അനുഷ്ഠാനത്തെപ്പററിയെല്ലാം വിശദമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു ഈ വ്യായാമം ആചരിക്കുന്നവൎക്കെല്ലാം ഈ പുസ്തകം വളരെ ഉപകാരപ്രദമായിട്ടുള്ളതാകുന്നു. മലയാളഭാഷയിൽ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനു വല്ലവരും തുനിയുന്നതായാൽ അതൊരുചിതകൃത്യമായി കരുതാവുന്നതാണ്.

(മാതവാദി)

അപകടങ്ങളും അതിനുള്ള
ആദ്യചികിത്സയും.

(അംശി പി. നാരായണപിള്ള.)

—:0:—

അജ്ഞതയും സൂക്ഷ്മക്കുറവും നിമിത്തം പ്രതിവർഷം അനേകലക്ഷം ജനങ്ങൾ ഇൻഡ്യയിൽ മരണംപ്രാപിച്ചുവരുന്നു. ഈയിടെ എടുത്ത ഒരു കണക്കിൻപ്രകാരം ബംഗാൾ സംസ്ഥാനത്തുമാത്രം അകാലമരണമുണ്ടായവരുടെ സംഖ്യ പതിനഞ്ചുലക്ഷമാണത്രെ. ഇതിൽ പകുതിയോളം ഏഴു വയസ്സിൽ കുറഞ്ഞവരാ

ണ്. പാമ്പിൽ കടിയേററുമരണപ്പെട്ടവരുടെ തുക നോക്കുമ്പോളാണു നാം വിസ്മയപ്പെട്ടു പോകുന്നതു. ൧൯൨൫-ൽ ഗവൺമെൻറു പ്രസിദ്ധംചെയ്ത ഒരു റിപ്പോർട്ടുപ്രകാരം ഇൻഡ്യയിൽ സർപ്പവിഷമേററുമരിച്ചവരുടെ സംഖ്യ ൧൯൦൩൬ൻ ആണു. ഇൻഡ്യക്ക് ഒരു സർപ്പക്കാവായ കേരളത്തിലെ കഥ പിന്നെ പറയണമെന്നില്ലല്ലോ. സർപ്പംകടിച്ചാൽ ആരും ഉടൻ മരിച്ചു പോകുന്നതല്ല. മരിച്ചു പോകുമെന്നഭയം പക്ഷെ പലരേയും കൊന്നുവെന്നുവരാം. പരിശുദ്ധരക്തമുള്ളവൻെറ ശരീരത്തിൽ സർപ്പവിഷം അപകടത്തെ ചെയ്യുകയില്ലെന്നാണ് അഭിജ്ഞമതം. മദ്യപാനം, അപത്ഥ്യാഹാരം ഇവയാൽദുർമ്മേദസ്സു നിറഞ്ഞ ശരീരത്തിൽ മാത്രമേ അതു മരണത്തെ ഉണ്ടാക്കുന്നുള്ളുവെന്ന് പലേ പരീക്ഷണങ്ങളാലും തെളിഞ്ഞിരിക്കുന്നു. ഉപ്പ് മുളക് മുതലായ രൂക്ഷ പദാത്ഥങ്ങൾ ത്യജിച്ച് പക്വഫലങ്ങൾ മാത്രം കൊണ്ടുജീവിക്കുന്നവക്കു സർപ്പവിഷമെന്നല്ലാ മററുയാതൊരു വിഷവും തന്നെ ഏൽക്കുകയില്ലെന്നാണു ഡാക്ടർമാരുടെ അഭിപ്രായം.

സർപ്പം കടിച്ചുവെന്നറിഞ്ഞാൽ ഉടൻ നമ്മളും സർപ്പത്തെപ്പിടിച്ചു ഭംഗിയായി ഒരു കടി ഏല്പിക്കണം പല്ലുകൊണ്ട് പാമ്പിൻെറ ശരീരം മുറിഞ്ഞില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമില്ല. ഇതു എല്ലായ്പ്പോഴും എല്ലാപേരും ചെയ്യുവെന്നു വരില്ല. മുറിവേററാൽ ആദ്യമായ് വേണ്ടതു മുറിവായ്ക്കു മുകളിൽ എന്തെങ്കിലും കൊണ്ടു ബലമായി ഒരുകെട്ടു കെട്ടേണ്ടതാകുന്നു. ഇതു ഏഴമിനിട്ടിനുള്ളിൽ നടത്തണം. ഈ കെട്ട് ഭംഗിയായി ഇറുകുന്നതിനായി കെട്ടിനുള്ളിൽ ഒരുകമ്പു തിരുകി ചുററുന്നതു കൊള്ളാം. ഇങ്ങനെ ചെയ്താൽ നീലരക്ത ധമനികൾ വഴി വിഷം മററുഭാഗത്തു വ്യാപിക്കയില്ല. പിന്നീടു മുറിവായിലെ രക്തം മുഴവൻ ഊറുഞ്ചി എടുത്തുകളകയൊ ഞെക്കി പുറത്തു കളകയൊ ചെയ്യണം. അതിൽ മണ്ണുചവച്ചു തുപ്പലോടുകൂടി വെച്ചുകെട്ടുന്നതും കിട്ടുമെങ്കിൽ പൊട്ടാസിയംപെർമാൻഗനേററു എന്ന ഔഷധം വെച്ചുകെട്ടുന്നതും നല്ലതാണ്. ഇതു രണ്ടും സാധിച്ചില്ലെങ്കിൽ മുറിവായിൽ മൂത്രമൊഴിക്കുന്നതും

നന്നാണെന്നു പറയപ്പെടുന്നു. മണ്ണുചികിത്സയിൽ പ്രത്യേക വിദഗ്ദ്ധത സമ്പാദിച്ച ഒരു ജർമ്മൻ ഡാക്കടർ പുതുമണ്ണിനടിയിൽ വിഷമേററവനെ കുഴിച്ചിട്ടു സുഖപ്പെടുത്തിയതായി പറഞ്ഞു കാണുന്നു. രോഗിക്കു ബോധമില്ലാതായാൽ ചൂടുവെള്ളമൊ ഗ്രാമ്പും കറുവാപട്ടയും ചേർത്തുണ്ടാക്കിയ കഷായമോ കൊടുക്കുന്നതു നന്ന്.

൨. തേൾവിഷം. തേൾകടിയാലുണ്ടാകുന്ന വേദന പാമ്പുകടിയാലുണ്ടാകുന്ന വേദനയേക്കാൾ അസഹനീയമാകുന്നു. പരിശുദ്ധ രക്തമുള്ളവന് തേൾകടിയെ ഭയപ്പെടേണ്ടാ എന്നാണ് ഡാക്ടർ മൂറിൻെറ അഭിപ്രായം. മുറിവായുടെ മുകളിൽ ഒരു കെട്ടു കെട്ടുകയും രക്തം ഉറുഞ്ചി എടുക്കുകയും ചെയ്തതിനു ശേഷം മണ്ണുകൊണ്ടു ഒരു പോൾട്ടീസ് ഇടുകയൊ മുറിവായ് ഉപ്പുവെള്ളത്തിനുള്ളിൽ മുക്കിവെച്ചുകൊണ്ടിരിക്കയോ ചെയ്യുന്നതു വേദന നീങ്ങുവാൻ നല്ലതാണ്. വിരലുകളിൽ തേൾ കടിച്ചാൽ കൈമുട്ടുവരെ പോൾട്ടീസ് ഇടണം. കുഴച്ചമണ്ണിൽ കൈ മുക്കി വെച്ചുകൊണ്ടിരിക്കുന്നതും നന്നുതന്നെ.

൩. നീർക്കോലിവിഷം. നീർക്കോലി കടിച്ചാലും മേൽപറഞ്ഞപോലെ എല്ലാം അനുഷ്ഠിച്ചാൽമതി— അത്താഴം മുടക്കണമെന്നുകൂടെ പഴമക്കാറ് പറഞ്ഞുവരുന്നു.

൪. പാഷാണം. വിഷപദാൎത്ഥങ്ങൾ പാനം ചെയ്തുപോയാൽ അതു് ഉടൻ ഛർദ്ദിക്കുന്നതു നന്ന്. പാഷാണവിഷത്തിന് ചെറുനാരങ്ങാനീർ സേവിക്കുന്നതു് ഏററവും ഫലപ്രദമാണ്. വൈദ്യന്മാർ ഇതിനു ഉപയോഗിച്ചുവരുന്ന പ്രത്യൌഷധം കദളിവാഴക്കിഴങ്ങിൻെറ നീരാണത്രേ. കോഴിമുട്ടയുടെ വെള്ള പാലിൽഒഴിച്ചു കൊടുക്കുന്നതും എണ്ണയിൽ ചുണ്ണാമ്പുവെള്ളം സമം ഒഴിച്ചു കൊടുക്കുന്നതും ഇതിന് ഡാക്ടർമാർ ചെയ്യുന്ന പ്രത്യൌഷധങ്ങളാണ്.

൫. രസം. രസം ഏതെങ്കിലും പ്രകാരത്തിൽ ഭക്ഷിക്കേണ്ടി വന്നയാൾ ഉടൻ ധാരാളം വെററിലചവച്ചു് അതിൻെറ ചാർ ഇറക്കുമെങ്കിൽ തൽക്ഷണം മരണത്തിൽ നിന്നും രക്ഷ

പ്പെടാം. കുമ്പളങ്ങാനീരിൽ പഞ്ചസാരചേർത്ത് സേവിക്കുന്നതും ഇതിനുള്ള ഒരു പ്രത്യൗഷധമാകുന്നു.

൩. ഉമ്മത്ത്. ഉമ്മത്തിൻകായ് ഭക്ഷിച്ച് വിഷംപ്രാപിച്ചുവെന്നറിഞ്ഞാൽ ഉടൻ ഏതാനും ഇളനീർപൊട്ടിച്ച് തലയിൽ ധാരയൊഴിക്കണം. മുലപ്പാലും ധാരയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഇതിനുള്ളിൽ ചന്ദനം, അത്തിവെള്ളം, താമരവളയനീർ ഇവകൊണ്ടത്താണ് നാട്ടുവൈദ്യന്മാർ ചികിത്സിക്കുന്നത്.

൪. കഞ്ചാവ്. കഞ്ചാവ് അമിതമായാൽ ഉണ്ടാവുന്ന ദൂഷ്യങ്ങൾക്ക് ഇളനീർ ധാരക്കുപുറമെ, ഉള്ളിൽ ഇളനീർ, മത്തങ്ങച്ചോറു പിഴിഞ്ഞനീർ തയിർ ഇവ ഉടൻ ഉള്ളിൽ സേവിപ്പിക്കുന്നത് ഉചിതമാകുന്നു.

൫. അവിൻ. അവിൻ അധികം മാത്ര അകത്തുപെട്ടുപോയാൽ ഉടൻ രോഗിയെ വിയർപ്പിക്കേണ്ടതാണ്. സ്വേദസ്നാനത്തിനു ശേഷം ഇളനീർ തലയ്ക്കു ധാരയൊഴിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നത് ഉത്തമം

൬. തീപ്പൊള്ളൽ. മറെറാരാളുടെ വസ്ത്രത്തിൽ തീ കത്തിയാൽ നാം സംഭ്രാന്തരായ് ഇതികർത്തവ്യതാമൂഢരായി നിന്നുപോവുകയാണ് സഹജം- അതുകൊണ്ട് ഇങ്ങിനെ ഉള്ള സന്ദർഭങ്ങളിൽ നാം ഉചിതമായി ചെയ്യേണ്ടതു് എന്താണെന്ന് അറിഞ്ഞിരിക്കേണ്ടതാണ് അഗ്നി വസ്ത്രത്തിൽ എല്ലായിടത്തും പടൎന്നുപിടിക്കയും നമുക്ക് അതു് അഴിച്ചുകളയാൻ നിവ്വാഹമില്ലാതേയും വരുന്ന സന്ദർഭത്തിൽ അതു അണയുന്നതുവരെ നിലത്തുകിടന്ന് ഉരുളുകയാണു നന്ന്. കമ്പിളിയൊ ഘനം കൂടിയ വസ്ത്രമോ കിട്ടുമെങ്കിൽ ഉടൻ പുതച്ചുകൊള്ളുകയും വെള്ളമൊഴിക്കുകയും ചെയ്യണം. പൊള്ളലുള്ള സ്ഥലത്ത് വസ്ത്രങ്ങൾ ഒട്ടിയിരുന്നാൽ അതിനെ ബലാൽക്കാരമായി വലിച്ചെടുത്തു കളയരുത്. കത്തിരികൊണ്ട് പൊള്ളിയ ഭാഗത്തുള്ള തുണിയെ തൊലി ഇളകാതെ സൂക്ഷിച്ച് വെട്ടിമാററണം. അനന്തരം മ

ണ്ണുപൊട്ടീസ് വെച്ചു കെട്ടിയാൽ നീററൽ ശമിക്കും. നല്ല തളിർവാഴയിലയിലൊ തുണിയിലോ വെളിച്ചെണ്ണ പുരട്ടി പൊള്ളലിന്മേൽ ഇടുന്നതും നന്നാണ്. വെളിച്ചെണ്ണയും ചുണ്ണാമ്പുവെള്ളവും സമംചേൎത്തു പുരട്ടുന്നതുകൊണ്ടും ഗുണമുണ്ട്. തീകൊണ്ടു തൊലിപ്പുറം പൊള്ളിയിരുന്നാൽ സൂചികൊണ്ടു കുത്തി വെള്ളം കളയണം. തൊലിപ്പുറം ചുവന്നിരുന്നാൽ അവിടെ മണ്ണുപൊട്ടീസ് ഇടുന്നതാണു നന്ന്.

൫൦ ദ്രാവകം കൊണ്ടുള്ള പൊള്ളൽ. ദ്രാവകം വീണു പൊള്ളുന്നതിനും തീപ്പൊള്ളലിന്റെ ചികിത്സ തന്നെ ചെയ്യേണ്ടതാകുന്നു.

൫൧ മുങ്ങിച്ചാകുക. മുങ്ങിച്ചാകാൻ പോകുന്നവനെ രക്ഷിക്കുന്നവന് നല്ലമനഃസാന്നിദ്ധ്യവും തന്റേടവും വേണം. ആദ്യമായ് നാം അവന്റെ നനഞ്ഞ വസ്ത്രങ്ങൾ മാററി ശരീരം മുഴുവൻ നല്ലപോലെ തുടയ്ക്കണം പിന്നീടു അവന്റെ കൈകൾ മുഖത്തിനു നേരെ വരത്തക്കവണ്ണം കമഴ്ത്തികിടത്തികൊണ്ടു ഒരു കൈ നെഞ്ചിൽ അമൎത്തി മറേറകൈകൊണ്ടു വായിലും വയററിലുമുള്ള വെള്ളവും അഴുക്കും പുറത്തുകളയണം. പിന്നീടു മലൎത്തി തലയും നെഞ്ചും കുറെ പൊക്കിവയ്ക്കണം. അതിന്നുശേഷം പതുക്കെ രണ്ടു കൈകളുംപിടിച്ചു നിവൎത്തണം. അപ്പോൾ വാരിയെല്ലുകൾ നിവരുകയും പുറമെ നിന്നു വായു ശ്വാസിപ്പാൻ അയാൾ ശക്തനാകയും ചെയ്യും. അനന്തരം അവന്റെ കൈകളെ വേഗം മടക്കി നെഞ്ചത്തുവെച്ചു പിടിക്കണം. അപ്പോൾ നെഞ്ചു ചുരുങ്ങി ശ്വാസം വിടും. ചൂടുപിടിപ്പിക്കാൻ സൌകൎയ്യപ്പെട്ടാൽ അവനെ തീകത്തിച്ചോ മറേറാ ഒന്നു അനത്തുന്നതു ഉത്തമം. കമ്പിളികൊണ്ടു പുതയ്ക്കുന്നതും നന്നുതന്നെ. ബോധമുണ്ടായാൽ ചൂടുവെള്ളത്തിൽ നാരങ്ങാനീർചേൎത്തു ഉള്ളിൽ കൊടുക്കണം.

സ്ത്രീകളും പ്രകൃതി ചികിത്സയും.

—:*:—

(തുടർച്ച.)

(വെണ്മണി, എം. കൊച്ചാച്ചിയമ്മ.)

അകൃതിമഭക്ഷണമുപയോഗിക്കുന്നതുകൊണ്ടു കുട്ടികൾ ദുസ്സ്വഭാവികളായും, അടക്കമൊതുക്കമില്ലാത്തവരായും തീരുന്നു. മസാലകൾ വിശേഷിച്ച് മുളക് കോപത്തെ ഉളവാക്കി വർദ്ധിപ്പിക്കുന്നു; ശാന്തതയെ യാത്രയാക്കി ഗർവ്വത്തെ വളർത്തുന്നു. പ്രകൃതി ഭക്ഷണമാണ് മനുഷ്യനെ സമാധാനനിരതനും, ശാന്തനുമാക്കുന്നത്. മസാലകൾ ഉപയോഗിക്കാതിരിക്കുന്ന കാലത്തു മാത്രമേ കുട്ടികൾക്കു ബ്രഹ്മചര്യം കാക്കാൻ സാധിക്കുകയുള്ളു. ഉപദേശങ്ങളാലും, മസാലകളാലും കുട്ടികളെ സത്യം, വിനയം, ദൈവഭക്തി, ആർദ്രത, അനഹങ്കാരം, സ്നേഹം, പരോപകാരതല്പരത, അസൂയാരാഹിത്യം, ധർമ്മനിഷ്ഠ ഇതുകൾ അഭ്യസിപ്പിച്ച് അവരെക്കൊണ്ടു പ്രവർത്തിപ്പിക്കേണ്ടതാണ്. ശരിയായ ഉപദേശവും, തെററായ മാതൃകയുംകൊണ്ടു എന്തെങ്കിലും ഫലമുണ്ടാകുമെന്നു വിചാരിക്കാൻപോലും പാടില്ല. മാതാപിതാക്കന്മാരിൽ മാതാവിനാണ് കുട്ടികളെപ്പററി കൂടുതലായി പ്രവർത്തിക്കാൻ സൗകര്യം ലഭിക്കുന്നത്. സ്വഭാവനൈർമ്മല്യത്തെ പുരസ്കരിച്ചു ശിശുവിനെ വളർത്തിയാൽ ശിശു ഒടുവിൽ സന്മാർഗ്ഗനിരതനും, പഠിത്തത്തിൽ സമർത്ഥനും, അനഹങ്കാരിയും, ദൈവഭക്തനും, സമുദായപ്രണയിയുമായി ഭവിക്കുമെന്നു മാത്രമല്ല, താൻ ഒരു രാജ്യതന്ത്രജ്ഞനോ, സാഹിത്യകുശലനോ, സിദ്ധനോ, കലാവിദഗ്ദ്ധനോ ആയിത്തീരുകകൂടെ ചെയ്യുന്നതാണ്. തന്റെ കുട്ടികളെ ജ്ഞാനവും ആരോഗ്യവുമുള്ളവരാക്കി വളർത്തണമെന്നാഗ്രഹിക്കുന്ന മാതാവ് ഈശ്വരൻ ഇഷ്ടപ്പെടുന്നപ്ര

കാരം ആദ്യമായി തന്നെത്തന്നെ പരിശോധിച്ചു വെടിപ്പാക്കിയ ശേഷം മക്കളെപ്പററി ദൈവത്തോടുള്ള യഥാൎത്ഥകടമനിവൎത്തിക്കയും എളിമയോട് പെരുമാറി ജീവിതം മാതൃകയാക്കിത്തീൎക്കുകയും സൎവ്വശക്തനെ പ്രാൎത്ഥിക്കുകയും ചെയ്യേണ്ടതാകുന്നു. മാതാവ് സാധാരണ സംസാരത്തിൽപോലും പാപശകലങ്ങൾ കലൎന്നവാക്കുകൾ പ്രയോഗിക്കാതേയും, വിചാരിക്കാതെയും നല്ല മനസ്സാക്ഷിയോടും, ഈശ്വരഭക്തിയോടും കൂടി ജീവിച്ചാൽ അതുവഴിയായി കുട്ടികൾക്കാവശ്യമുള്ള സകല സൽഗുണങ്ങളും ഉണ്ടാകുന്നതാണ്.

ഭക്ഷണവിഷയത്തിലും മാതാവിൻെറ മാതൃകായോഗ്യമായ വൎത്തനം ആവശ്യമുണ്ട്. തങ്ങളുടെ സൌന്ദൎയ്യഗുണത്തെ മാത്രം ലാക്കാക്കി ക്രൂനിസമ്പ്രദായത്തോടു ക്രൂരപിടിച്ചു് ഇംഗ്ലണ്ടിലിലെ ചില സ്ത്രീകൾ അവരുടെ ഭക്ഷണത്തിൽ പല മാററങ്ങളും വരുത്തീട്ടുള്ളതായി ഇയ്യിടെ ഞാൻ ഒരു പത്രത്തിൽ വായിക്കുകയുണ്ടായി. അവർ ചിലപ്പോൾ ഉപവസിക്കുകയും അല്പമായി ഭക്ഷിക്കുകയും ചെയ്യുന്നു. കൊഴുപ്പ് അവൎക്ക കണ്ടുകൂടാ. പഞ്ചസാരയും, മധുരപദാൎത്ഥങ്ങളും തൊടുകയില്ല. മിട്ടായി അവൎക്ക വെറുപ്പാണ്. ഉയിരുപോയാലും തൈരുകൂട്ടുകയില്ല. ഉരുളക്കിഴങ്ങു തൊടുകയില്ല. സൂപ്പ് കുടിക്കയില്ല. വെണ്ണകണ്ടാൽ ഞെട്ടും. ഇറച്ചികണ്ടാൽ ഞെട്ടിവീഴും. പഞ്ചസാരകണ്ടാൽ നാക്കിൽ വെള്ളമൂറും. പച്ചവെള്ളമേ കുടിക്കു. പഴങ്ങളും പച്ചക്കറികളും ഭക്ഷിക്കും. ഇപ്രകാരം അവർ ക്രൂണിയോടു അല്പമായ ക്രൂരകാണിക്കുന്നതു് അവൎക്ക് കൃശഗാത്രമുണ്ടാകാൻ വേണ്ടി മാത്രമാണ്. എന്നാൽ നമ്മുടെ ആവശ്യം അതല്ല. നമുക്കും നമ്മുടെ സന്താനങ്ങൾക്കും ആരോഗ്യമുണ്ടാക്കുകയും തന്മൂലം മനുഷ്യസമുദായവും നാടും അഭിവൃദ്ധിപ്പെടുകയും ചെയ്യണമെന്നാണല്ലൊ നാം കരുതുന്നതും കരുതേണ്ടതും. മാതാക്കളുടെ ഒത്തൊരുമിച്ചുള്ള പ്രവൎത്തികൊണ്ടു് അവൎക്ക് പല നല്ലകാൎയ്യങ്ങളും സാധിക്കാവുന്നതാണ്. തങ്ങളുടെ രാജ്യത്തിൻെറ സാമ്പത്തിക നില, വാണിജ്യപരിഷ്ക്കാരം, വിദ്യാഭ്യാസം, ദാരിദ്ര്യനിവാര

ണം, ആരോഗ്യം, അനാഥസഹായം മുതലായി ഏററവും പ്രയോജനകരമായ കാൎയ്യങ്ങളിൽ ഗാഢമായി ശ്രദ്ധിച്ച് നമുക്ക് പ്രവൎത്തിക്കാം. ഈ വിഷയത്തിൽ പലരുടെയും പ്രസംഗത്തേക്കാൾ ചിലരുടെ പ്രവൃത്തിയാണ് ഫലപ്പെടുന്നത്. അതിനാൽ പ്രവൃത്തിയിലാണ് പ്രധാനമായി നാം പ്രതിപത്തി പ്രദർശിപ്പിക്കേണ്ടതു്. ലോകോന്നമനത്തിനു സഹായിക്കുന്ന ആരോഗ്യത്തെ വീണ്ടെടുക്കാൻ ഇന്നു മുതൽ നമുക്ക് പ്രവൎത്തിച്ചു തുടങ്ങാം. എത്രയോ മഹത്തരമായ കാൎയ്യങ്ങൾ സ്ത്രീകൾ സാധിച്ചിട്ടുണ്ട്; ഇപ്പോൾ സാധിച്ചു പോരുന്നുണ്ട്; ഇനി സാധിക്കയും ചെയ്യും; അവരുടെ സ്വാഭാവിക ശക്തികളെ യഥാൎത്ഥമായി പ്രകാശിപ്പിക്കണമെങ്കിൽ അവർ പ്രകൃതിജീവിതമനുഷ്ഠിക്കുക തന്നെ വേണം. അതിനായി എല്ലാവരേയും ക്ഷണിച്ചു കൊണ്ടും, പ്രകൃതിമാതാവ് ജാതിസ്പൎദ്ധയും മററുമില്ലാത്ത ഒരു നല്ലമാതാവാണെന്ന് നിങ്ങളെ ഉൽബോധിപ്പിച്ചു കൊണ്ടും ക്രുന്നിജീവിതത്തിൻെറ കൂടുതൽ ഗുണമനുഭവിക്കാൻ എന്നാക്ഷിമാകും കരുണ ചെയ്യണേ എന്നു കരുണാവാരിധിയായ ജഗദീശ്വരനെ പ്രാൎത്ഥിച്ചു കൊണ്ടും, തൻെറ ചരണപല്ലവങ്ങളെ കുമ്പിട്ട് പ്രകൃതിയമ്മയെ സന്തോഷിപ്പിക്കണമെന്നു നിങ്ങളോടു കേണപേക്ഷിച്ചു കൊണ്ടും ഈ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

"ക്ളബ്".

(മഹോപാദ്ധ്യായൻ: ജി. നാരായണപ്പണിക്കർ.)

ചന്തുമേനവൻെറ താൎയ്യമേനവൻ തേടിപ്പുറപ്പെട്ട 'കൊളമ്പ്'ല്ല, 'ഹോട്ടൽ' 'ഹൊട്ടേൽ' 'ചോററുകട' 'ചായക്കട' 'പലഹാരക്കട' 'കാപ്പിക്കട' 'കുടില്' 'കെളപ്പ്' എന്നിങ്ങനെ പ

ലമാതിരിയിൽ ഇന്നു വ്യവഹരിക്കപ്പെട്ടുവരുന്ന അന്നവിക്രയശാലയാണ് ഇവിടെ വിവക്ഷിതമെന്നു ആദ്യമേ പറഞ്ഞുകൊള്ളുന്നു.

ഇവ ഇന്നു പ്രതിക്ഷണം വർദ്ധിച്ചു വരികയാണ്. ആളോഹരിയും, തൊഴിലില്ലായ്മയും കൂടിച്ചേർന്നപ്പോൾ ക്‌ളബ്ബുകൾ വളരെ വർദ്ധിക്കുന്നു. ഇതിൽ ആളോഹരി ക്‌ളബ്ബുകളുടെ 'പ്രൊപ്രൈററന്മാരെ' മാത്രമല്ല പററുവരവുകാരേയും വർദ്ധിപ്പിക്കുന്നുണ്ടെന്നോർക്കുമ്പോൾ ഇനിയും ഇവ വളരേ വർദ്ധിക്കാനാണ് ഇടയുള്ളതു്. ഇനി ധാരാളമായി ബി. എ. ക്കാരും മററും ഈ തൊഴിലിന് പുറപ്പെടുകയില്ലെന്നു വിശ്വസിച്ചുകൂട.

നമ്മുടെയൊക്കെ ഓർമ്മയിൽതന്നെ കുറച്ചുകാലം മുമ്പ് പട്ടണങ്ങളിൽ മാത്രമേ ക്‌ളബ്ബുകളുണ്ടായിരുന്നുള്ളു. ഇവയിൽ പോലും പോയി ആഹാരം കഴിക്കുന്നതു് ഒരു കുറച്ചിലായിട്ടാണ് ആഭിജാത്യമുള്ളവർ കരുതിപ്പോന്നിരുന്നതും. ഇന്നതൊക്കെപ്പോയിട്ടു്, വീട്ടിൽ സകല സൌകര്യങ്ങളുമുണ്ടെങ്കിലും, നേരം വെളുത്താൽ ക്‌ളബ്ബിൽപോയി കാപ്പികുടിക്കാത്തതു് ഒരു ലഘുത്വമായിട്ടാണു ശൂദ്ര ഇരപ്പാളി തുടങ്ങി ആഢ്യൻവരെ സകലരും കരുതിപ്പോരുന്നതു്.

പാശ്ചാത്യദേശങ്ങളിൽ വല്ല യോഗ്യന്മാർക്കും വല്ല വിരുന്നോ മറേറാ നൽകേണ്ട അവസരങ്ങളിൽ, ഹോട്ടലിൽ ഏർപ്പാടു ചെയ്കയാണത്രെ അവിടെയുള്ള പ്രഭുക്കന്മാരുടേയും മററും ഇടയിലെ നടപ്പു. അവരുടെ നിത്യോപയോഗത്തിന് കൂടിയേ കഴിയൂ എന്നുള്ള ഇനത്തിൽ പെട്ടതാണുപോൽ ഈ സ്ഥാപനം. അതുകൊണ്ടു് സർവ്വഥാ അവരേ അനുകരിക്കുന്ന നമ്മുടെയിടയിലും ഹോട്ടൽ ഇത്ര പ്രചാരത്തിൽ വന്നിട്ടുള്ളതാശ്ചര്യമല്ലായിരിക്കാം.

ഇനി കാലക്രമേണ ഒരു നാട്ടിലുള്ള അടുക്കളകളെല്ലാം കൂടി ഒരിടത്തു ചെന്നുകൂടി ഒരാളിന്റെ അധീനത്തിലായിത്തീരുന്ന പരിഷ്കാരവും നമ്മുടെ നാട്ടിൽ നമ്മുടെ കാലത്തു തന്നെ വന്നു ചേരുന്നേക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എ

ന്തിനും തയാറുള്ള പട്ടണവാസികളുടെ ഇടയിൽമാത്രം പ്രചരിച്ചിരുന്ന ഈ സ്ഥാപനങ്ങൾക്കു രണ്ടു വ്യാഴവട്ടക്കാലംകൊണ്ടു്, ക്ലബ്ബുകൊണ്ടു് യാതൊരു പ്രയോജനവുമില്ലാത്ത ഉദാരന്മാരായ ഗ്രാമവാസികളുടെയിടയിൽ പോലും, അത്ര വലിയ പ്രചാരം വന്നു കഴിഞ്ഞിരിക്കുന്നു. ഇന്ന് ഏതു കുഗ്രാമത്തിന്റെ ഏതു മൂലയിലും അവസ്ഥാനുസരണമുള്ള ക്ലബ്ബുകൾ കാണാം. അമ്പലപ്പുഴപ്പുഞ്ചപ്പാടത്തിന്റെ ഒത്തനടുക്ക് കൊയ്ത്തുകാലത്തു പുലയർവന്നു ചേരുമ്പോൾ അവിടെ തോണിയിൽ കയറിയും, ശബരിമലയിലയ്യപ്പന്മാർ ചെന്ന് ചേരുമ്പോളവിടെ തലച്ചുമടായിട്ടും ക്ലബ്ബുകൾ വന്നുകൂടുന്നു.

പണ്ട് അന്നവിക്രയം ഒരു പാപമായിട്ടും, അതു കൊണ്ടുപജീവിക്കുന്നവനെ ഭ്രഷ്ടനും നികൃഷ്ടനുമായിട്ടും കരുതിവന്നതെല്ലാം പൊയ്പ്പോയ്ക്കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ അന്നവിക്രയികൾ ധാടികൊണ്ടും മോടികൊണ്ടും, മാന്യതക്കുമൊട്ടും കുറയുന്നില്ലെന്നു മാത്രമല്ല മററുള്ളവർക്ക് അതവർക്കനുവദിച്ചു കൊടുക്കാനും സമ്മതമാണു്. ക്ലബ്ബും ക്ലബ്ബുകാരനും കാഴ്ചയിൽതന്നെ തീർച്ചപ്പെടുത്തത്തക്കവണ്ണം ഒരു മാതിരി താണതരത്തിലാണെന്നു ഇന്നു നാട്ടുമ്പുറത്തുകാർ പോലും കരുതുന്നില്ല. ഈയിട തിരുവനന്തപുരത്തു വെച്ചൊരു നേരമ്പോക്കുണ്ടായി. അവിടെ പുതുതായി പ്രാക്റ്റീസു തുടങ്ങിയ ഒരു വക്കീൽ മെയിൻ റോഡിൽ ഒരു വീടു് വാടകക്കു വാങ്ങി, ബോർഡുമെഴുതിത്തൂക്കിത്താമസമാക്കിയിരുന്നു. ഒരു നാൾ ഇദ്ദേഹം ചില സ്നേഹിതന്മാരുമായി സംസാരിച്ചുല്ലസിച്ചിരിക്കുമ്പോൾ നാട്ടിമ്പുറത്തുള്ള ഒരു മൂത്തനായർ ഒരു കയ്യിലൊരു കെട്ടുകടലാസും, മറേറക്കൈയ്യിലൊരു കീറസ്സീലക്കുടയുമായി കടന്നുവന്നിട്ട് അലക്ഷ്യ ഭാവത്തിൽ ചെറുപ്പക്കാരനും സുന്ദരനുമായ ആ വക്കീലിന്റെ മുഖത്തുനോക്കിക്കൊണ്ടു് "സ്വാമി, വേഗം രണ്ടുപേർക്ക് ഇലയിടണം" എന്നു ആജ്ഞകൊടുത്തു. മുമ്പു് ആ വീട്ടിൽ ഒരു പട്ടർ ക്ലബ്ബിട്ടിരുന്നുവത്രെ. ഇതുകൊണ്ടും ബോർഡു കണ്ടും മററും തെററിദ്ധരിച്ചിട്ടാണു് മൂപ്പീന്ന് സധൈര്യം കടന്നുവന്ന് ഇലയിടാൻ ആജ്ഞാപിച്ചതു്. ഒരു ഹൈക്കോട്ടു വക്കീ

ലിനെയും, ചോററുക്കച്ചവടക്കാരനെയും തമ്മിൽ യാതൊന്നു കൊണ്ടും തിരിച്ചറിയാൻ പാടില്ലാത്തവണ്ണം അത്രപരിഷ്കൃത രൂപത്തിലാണ് ക്ളബ്ബുകാരനെക്കുറിച്ചു നാട്ടിമ്പുറത്തുകാർ പോലും ധരിച്ചിട്ടുള്ളതെന്ന് ഈ സംഭവം തെളിയിക്കുമല്ലൊ.

"നായർഹോട്ടൽ" "ബ്രാമിൻഹോട്ടൽ" "ഹിന്ദുഹോട്ടൽ" "ക്രിസ്ത്യൻഹോട്ടൽ" മുതലായ പേരുകൾ കാണുമ്പോൾ ക്ലബ്ബുകൾക്കും ജാതിമതഭേദമുണ്ടെന്ന് തോന്നിയേക്കാമെങ്കിലും ക്ളബ്ബ്കാരൻ ആ വകഭേദങ്ങളൊന്നും അത്ര ഗണ്യമാക്കിയിട്ടില്ല. പണ്ടു ചില ഉയൎന്നജാതിക്കാർ താഴ്ന്നജാതിക്കാരോടു വെളിച്ചെണ്ണയും മററും വാങ്ങുന്ന സന്ദൎഭങ്ങളിൽ മാപ്പിളയെക്കൊണ്ടു തൊടീച്ചിട്ട് എടുത്തു വന്നിരുന്നു. ഏതും വിശുദ്ധീകരിക്കാനുള്ള ശക്തി മാപ്പിളയുടെ കൈവശമുണ്ടെന്നായിരിക്കുമല്ലൊ അവരുടെ അഭിപ്രായം. ഇതുപോലെ മിശ്രഭോജനപ്രസ്ഥാനത്തോടും മററും നിസ്സഹകരിക്കുന്ന യഥാസ്ഥിതികന്മാൎക്കും ക്ളബ്ബ്കാരൻ തൊട്ടാൽ പിന്നെ സ്വീകരിക്കാൻ വൈമനസ്യമില്ല. "കാശുചക്രം കയ്യിലുണ്ടേൽ ജാതിഭേദമവൎക്കില്ല" എന്ന് സ്റ്റൂഡൻലീവിംഗ്കാരനായ,യുവകവി ക്ളബ്ബ്കാരനെക്കുറിച്ച് ഒരു കവിതയെഴുതി ചിരിക്കുന്നുപോൽ. പ്രായേണ മിക്ക ക്ളബ്ബ്കാരും ഇങ്ങനെ തന്നെയാണ്. എന്നാൽ "Brahmans only" "ബ്രാഹ്മണർകൾ ശാപ്പിടും ഇടം" എന്നെല്ലാം ചില പട്ടന്മാർ കടകളുടെ ഉമ്മറത്ത് ബോർഡു തൂക്കിക്കണ്ടിട്ടുണ്ട്. (ഇതിൽ രണ്ടാമത് പറഞ്ഞതിന് ബ്രാഹ്മണർ കള്ളുകുടിക്കുന്ന സ്ഥലമെന്നാണൎത്ഥമെന്ന് ഭ്രമിക്കരുത്. "കൾ" ബഹുവചനപ്രത്യയമാണു.) ഇങ്ങിനെയാലും അവൎക്കും മററുള്ളവരെ അവശ്യം പോലെ പരിഗ്രഹിക്കുന്ന കാൎയ്യത്തിൽ മടി കാണാറില്ല.

ഇന്നത്തെ വിദ്യാഭ്യാസവും ക്ലബ്ബുകളുടെ അഭിവൃദ്ധിയ്ക്കു വളരെ സഹായിക്കുന്നുണ്ട്. ക്ലബ്ബുകളിലെ കണക്കുപുസ്തകങ്ങൾ പരിശോധിച്ചാൽ പററു വരവുകാരധികം വിദ്യാൎത്ഥികളാണെന്ന് കാണാം. പെയ് നോക്കാതെ ചക്രം കിട്ടുന്നവരും, ജിഹ്വാലാമ്പട്യത്തിനടിമപ്പെട്ടവരുമായ ഇക്കൂട്ടൎക്കാണ് ഈ ഉവ്വ്യ

യത്തിന് അല്പംപോലും മടിയില്ലാത്തതു്. ആദ്യമായി പലരും സ്കൂളിലെ ഉച്ചഭക്ഷണത്തിലേക്കായിട്ടായിരിക്കും ക്ലബ്ബുകളിൽ പ്രവേശിച്ചിട്ടുണ്ടാവുക. അതു പിന്നീട് വളൎന്ന് ഉച്ചയ്ക്കെന്നും വയ്യിട്ടെന്നും മററുമുള്ള നിയമമെല്ലാംപോയി എപ്പോഴും ക്ളബ്ബ തന്നെ ശരണമെന്നായിത്തീരുകയാണ് സാധാരണ പതിവു്.

ചിലരിതൊരു പരിഷ്ക്കാരചിഹ്നമാണെന്നും, ജാതിഭേദം മുതലായ അനാചാരങ്ങളെ നീക്കി സകല വൎണ്ണങ്ങളേയും ഒരുമിച്ചിണക്കിച്ചേൎക്കാൻ സഹായിക്കുന്ന ഏററവും പരിഷ്കൃതമായ ഒരു സ്ഥാപനമാണ് ക്ലബ്ബുകൾ എന്നും, അതുകൊണ്ടു്, അവയുടെ അഭിവൃദ്ധി പരിഷ്ക്കാരാഭിവൃദ്ധിയേയാണ് സൂചിപ്പിക്കുന്നതെന്നും വിചാരിക്കുന്നുണ്ടാവാം. എന്നാൽ ഇവയുടെ സാക്ഷാൽ സ്വരൂപമെന്താണെന്ന് നമുക്കൊന്നു ചിന്തിക്കുതന്നേ.

ഗണപതിവിലാസം, സരസ്വതിവിലാസം, ഇന്ദ്രവിലാസം, ചന്ദ്രവിലാസം, ശാരദാവിലാസം, മീനാക്ഷിവിലാസം ഇങ്ങനെ വിലാസങ്ങൾ ഒരുവക; (ചോററുവിലാസവും ഇഡ്ഢലിവിലാസവും മാത്രം ഉള്ളതായി കേട്ടിട്ടില്ല.) ബോംബേഹാൾ, മദ്രാസ്സുഹാൾ മുതലായി ഹാളുകൾ അതൊരുവക; ഇമ്പീരിയൽ ഹോട്ടൽ, ററൺഹോട്ടൽ, സിററിഹോട്ടൽ തുടങ്ങി ബ്രാഹ്മിൻ ഹോട്ടൽ, പോററിഹോട്ടൽ, ക്രിസ്ത്യൻ ഹോട്ടൽ, ഹിന്ദുഹോട്ടൽ വരെ അങ്ങിനെ ഒരുവക; "കുറുപ്പിൻെറ ക്ലബ്ബ്" "വൈയ്ക്കം ശങ്കുപ്പിള്ള വക ക്ലബ്ബ്" എന്നിങ്ങനെ പ്രൊപ്രൈററരുടെ പേരിൽ ഒരുവക; ഇതൊന്നുമില്ലാതെ വെറും കാപ്പിക്കട, ചായക്കട, ചോററുക്കട എന്നിങ്ങനെ ഒഴുക്കൻമട്ടിൽ പിന്നെയൊരുവക; "ശ്രീപത്മനാഭൻ തുണൈ" "ഗണപതി സഹായം" മുതലായി "ഭക്താലയങ്ങൾ" മറെറാരുവക; "ശാപ്പാട്ടം പോടപ്പട്ടം" എന്നും മററും ഭീമകായങ്ങളായ അക്ഷരങ്ങളിൽ പരസ്യം ചെയ്യപ്പെട്ടിട്ടതു് വേറൊരുവക; "ശാപ്പാട്ട് ആണ്." "ഊണ ച. വ-മുതൽ" എന്നിങ്ങനെ വിലയുടെ ലാഘവത്തെ പ്ര

ഖ്യാപനംചെയ്യുന്ന ഇനങ്ങൾ അതങ്ങിനെ. ആകക്കൂടി ഇവയു ടെ വൈവിദ്ധ്യത്തെക്കുറിച്ചു നോക്കാൻ പോയാൽ അവസാനമി ല്ല. ഈവിധമുള്ള പേരുകളെ സമത്ഥന്മാരായ ചിത്രകാരന്മാ രെക്കൊണ്ടെഴുതിച്ചിട്ടുള്ള ബോർഡുകൾ തൂങ്ങുന്ന രമ്യഹമ്മ്യങ്ങ ളാണ് ഒരിടത്തു് കാണപ്പെടുന്നതെങ്കിൽ മററൊരിടത്തു് എഴു ത്തു പഠിച്ചിട്ടില്ലാത്ത ക്ളബ്ബു കാരൻ പഠിച്ചിട്ടുള്ളവരോട്ട ക ടച്ചാസിൽ ചെറുതായെഴുതി വാങ്ങിയ വരകൾ നേക്കി കരിക്കട്ട കൊണ്ടും, ചുണ്ണാമ്പുകൊണ്ടും വലുതായിട്ട് എഴുതിയിട്ടുള്ള അ ക്ഷരചിത്രങ്ങൾ നിറഞ്ഞ വീഞ്ഞപ്പലകത്തുണ്ടു തൂങ്ങിക്കിടക്കുന്ന ചെററപ്പുരകളായിരിക്കും ദൃശ്യമാവുക. 'ചക്രത്തിനു മൂന്നിഢലി കൊടുക്കപ്പെടും' എന്നെഴുതിവെച്ച് വഴിയേ പോവുന്ന സ്ക്കൂൾ കുട്ടികളെ പിടിച്ചു നിറുത്തുന്നവയൊരിനം— എന്തിന്, സവ് ഥാ, സവ്ദാ, സവ്വത്ര, സവ്വ്യാപി. സവ്ഭ്രതാന്തരാത്മാവായി ട്ടു് ക്ളബ്ബുകൾ പരന്നുകഴിഞ്ഞിരിക്കുന്നു. തീവണ്ടിയോ മോ ട്ടാറോ, സ്റ്റീംബോട്ടുതന്നെയോ ഒരുനിമിഷം വല്ലേടത്തും നിന്നാൽ 'ചായാ, ഛായാ' എന്നു് ദേഷ്യപ്പെട്ടുകൊണ്ടു്, യാത്രക്കാരുടെ ക ണ്ണപുടങ്ങളെ ഭേദിക്കുമാറുള്ള അട്ടഹാസങ്ങളും, 'ഇഢലിവടൈ മുരുക്കുകാഫീ' എന്നു് സമാഹാരദ്വന്ദ്വസമാസത്തിൽ കരയു ന്ന ദീനസ്വരങ്ങളും സവ്ത്ര കേൾക്കുമാറാകുന്നു. കമ്പോളങ്ങ ളിൽ പോയാൽ ചില ഭീമകായന്മാർ അവ്യക്തങ്ങളായ ചില അട്ടഹാസങ്ങളും ഉദ്ഭമിച്ചുകൊണ്ടു് കയ്യിൽ തീച്ചട്ടിയും തൂക്കി ക്കൊണ്ടടുത്തുവന്നു് തുറിച്ചുനോക്കുന്നു. 'ശാപ്പാടും പോടപ്പെട്ടു' ന്നിടത്തു കേറിച്ചെന്നാൽ ഒരു തടിയൻ. സാമാന്യത്തിലധികം മുഷിഞ്ഞ ഒരു തോത്തുമുണ്ടുമാത്രം അരയിൽ ചുററിയിട്ടു് അക ത്തുനിന്നുകൊണ്ടു് 'വാങ്കോ' എന്നൊരാർച്ചയാൽ സ്വാഗതമരു ളുന്നു. ബോട്ടുകടവിലും, മോട്ടാർ ഷെഢിലും മററും വന്നുനി ന്നിട്ടു് വഴിപോക്കരെ പിടിച്ചു വലിച്ചുകൊണ്ടു പോകാനും മടി ക്കാത്ത ഒരു സംഘം തയാറുണ്ടു്. ഇങ്ങനെ വലിച്ചുകൊണ്ടു പോകപ്പെട്ട ഒരു രസികൻ 'ഇതു് നിങ്ങളുടെ സ്വന്തം ധമ്മമൊ അതൊ സക്കാരിൻെറയൊമററാ സഹായത്താൽ നടത്തിവരു

ന്നുതാ?, എന്ന് മോരുവിളമ്പിക്കഴിഞ്ഞപ്പോൾ ചോദിച്ചതുസംബന്ധിച്ച്, എറണാകുളത്ത് ഒരു പട്ടരുണ്ടാക്കിത്തീർത്ത കലശൽ ഈയിട ക്രമിനൽ കേസ്സിലവസാനിച്ചിരിക്കുന്നുവത്രെ

തൃശ്ശിവപേരൂര്, തിരുവനന്തപുരം മുതലായപട്ടണങ്ങളിൽ മൊട്ടച്ചി ആയിഅമ്മമാർ ഒട്ടനവധി ഈ വ്യാപാരം കൊണ്ടുപജീവിക്കുന്നുണ്ട്. ഇങ്ങനെയാണ് ഇവർ, ഭാഗ്യവശാൽ തങ്ങൾക്കു ലഭിച്ചിട്ടുള്ള പൊതുജന സേവയ്ക്കുള്ള സൗകര്യത്തെ "ബഹുജനഹിതായ ബഹുജനസുഖായ" ഉപയോഗപ്പെടുത്തുന്നത്. ഇവരുടെ "സമാചാരങ്ങൾ" പരസ്യങ്ങളല്ലാതതു കൊണ്ട് വിവരിക്കാൻ പ്രയാസം. മററു സ്ത്രീകൾ അധികമായി, സ്വതന്ത്രകളായിട്ട് ക്ലബ്ബ്നടത്തിവരുന്നതായറിയുന്നില്ല. എന്നാൽ നായർഹോട്ടലുകൾ മിക്കതിലും ഒരു സ്ത്രീയും കൂടി സഹായത്തിനുണ്ടായിരിക്കുക നിയമമാണ്. ഇവൾ പ്രായേണ ക്ലബ്ബ്കാരന്റെ "സഹധർമ്മചാരിണി" തന്നെയായിരിക്കും. വിരക്തനായ ഒരു കവി നരകമെന്നത് സ്ത്രീശരീരം തന്നേയാണെന്ന് സ്ഥാപിച്ചു കൊണ്ടൊരു പദ്യമെഴുതിയിട്ടുണ്ട്. ഈ ക്ബ്ബ്കാരന്റെ പരിഗ്രഹത്തെക്കണ്ടിട്ടാണോ അദ്ദേഹത്തിന് ആ ആശയമുദിച്ചതെന്ന് സംശയമുണ്ട്. ഒരു കുഞ്ഞും കൂടിയുണ്ടെങ്കിൽ-അതും സാധാരണമാണ്—ക്ലബ്ബ് "സർവാംഗസുന്ദരം" തന്നെയായി.

ഇത്തരം ക്ലബ്ബ്കളിലെ മീൻനാററം വെള്ളുള്ളിനാററം പഴങ്കഞ്ഞിവെള്ളം, കട്ടകുത്തുണ്ടാക്കിയ കാളൻ, പാക്കിട്ടു വേവിച്ച ചോറ്, ചട്ടി, കലം, ചിരട്ടത്തവി, ചോറുവിളമ്പുന്ന ചൂരൽപെട്ടി, കുഞ്ഞിന്റെ മൂക്കിൽ നിന്ന് പുറപ്പെട്ട് വായിൽ വന്നുകൂടി പോഷിക്കപ്പെട്ട്, സർവ്വദാ താടിയിൽകൂടി ഇററിററുവീണുകൊണ്ടിരിക്കുന്നതും, മലവും മൂത്രവും പലമാതിരി കൂട്ടാന്റെ അവശേഷങ്ങളും എല്ലാംകൂടി വീണുവീണു ഒരിഞ്ചുകനത്തിൽ കട്ടിപിടിച്ചു 'മെററൽ' ചെയ്തതുപോലായിത്തീർന്നിട്ടുള്ള ഉണ്ണാനിരിക്കുന്ന സ്ഥലം, സർവോപരി എല്ലാവിധ ഉപദംശങ്ങളുടേയും അവശേഷങ്ങളാൽ വിചിത്രിതമായിട്ടുള്ള വിളമ്പുകാരിയുടെ

ചിത്രാംബരത്തിൽ നിന്നു പുറപ്പെടുന്ന ചിത്രഗന്ധം ഇങ്ങനെയുള്ളതെല്ലാം നോക്കുമ്പോൾ ബ്രാഹ്മണ ക്ലബ്ബുകൾ കുറെ ഭേദംതന്നെയാണെന്ന് പലക്കും അഭിപ്രായമുള്ളതു ആശ്ചര്യമല്ല. അതുകൊണ്ടുതന്നെയാണ് 'ജൻറിൽമെൻ' ധാരാളമായിട്ട് അങ്ങോട്ടു കടന്നുകൂടുന്നതും. എന്നാൽ അവിടുത്തേയും രഹസ്യങ്ങൾ ഉള്ളിലോട്ടു കടന്നുനോക്കിയാൽ കുടിച്ച മുലപ്പാലുകൂടി ഛർദ്ദിക്കുന്നതാണ്. 'ചമയൽകെട്ട്' ഒരിക്കൽ കാണാൻ സംഗതിയായാൽ കള്ളിയൊക്കെ വെളിവാകും. അവിടെ കാണപ്പെടുന്ന അരി വാക്കാനുള്ള പഴഞ്ചാക്കും, ഇഡലിയുണ്ടാക്കാനുള്ള പഴന്തുണിക്കഷണങ്ങളും 'അയംപടോ മേപി തുരംഗഭൂഷണം......, എന്ന് യാത്രകളിയിലെ പട്ടർ പ്രശംസിക്കുന്ന ആ വസ്ത്രത്തിൽനിന്നും മുറിച്ചെടുത്തതാണോ എന്ന് സംശയം തോന്നിപ്പോകും. ചമയല്ക്കാരൻെറ ഇടുപ്പിൽ തിരുകിയിരിക്കുന്ന ഒരു വാഴപ്പോളപ്പൊതിയിൽ നിന്നും, മൂന്നു വിരൽ കൂട്ടികുത്തിയെടുത്തു്, എന്തോ ഒന്നു മൂക്കിലേക്കു വലിച്ചുകേററിയിട്ട് കൂടക്കൂടെ ചീററി, പൂക്കുററിയിൽ നിന്നെന്നപോലെ, മൂക്കിൽ നിന്നും ചാടിക്കുന്ന ആ സാമാനങ്ങളെല്ലാം ഈ ചാക്കിലും പഴന്തുണിയിലുമാണ് വർഷിക്കുന്നതു്. തവിട്ടുനിറത്തിൽ ശിരസ്സിൽ നിന്നൊരു പ്രവാഹം നാസാരന്ധ്രങ്ങളിൽകൂടി പുറത്തേക്കു ഉദ്ഗമിക്കുന്നതും ഈ ടവ്വലുകളിൽ തന്നെയാണു വിശ്രമിക്കുന്നതു്. ഈ ചാക്കെടുത്തു പാത്രത്തിൻെറ വക്കിൽകെട്ടിയിട്ടു, പാത്രംവാങ്ങി ചമയൽകെട്ടിൻെറ നടുക്കുള്ള ഒരു കരിങ്കല്ലിൽ മറിച്ചിട്ടിട്ടാണ് അരി വാക്കുന്നതു്. ഒടുവിൽ ചൂടോടെതന്നെ പാത്രമെടുത്തു് മാററിയിട്ട്, ചോറിൻെറ മുകളിലായിട്ടു കമിഴ്ന്നു നിന്നുകൊണ്ട് ചമയല്ക്കാരൻ ചില പ്രയോഗങ്ങൾ നടത്തുമ്പോൾ നമ്മുടെ "പ്രകൃതിക്കാ"രുടെ ഒന്നാന്തരമൊരു ബാഷ്പസ്നാനം അയാൾ നടത്തുന്നു. അപ്പോൾ കക്ഷങ്ങളിലും മുഖത്തുംനിന്ന് വഴിഞ്ഞൊഴുകുന്ന വിയർപ്പും, ഇടക്കിടെ ചീററുമ്പോൾ മുമ്പറഞ്ഞപോലെ മൂക്കിൽ നിന്നും, അപൂർവ്വമായി ചിലപ്പോൾ വായിൽ നിന്നും ഇററിററു വീഴുന്നതുമെല്ലാം ആ ചോ

ററിൽ തന്നെയാണ് അമരുന്നതു. "ചക്കരപ്പൊങ്ക"ലും ചില ചിത്രാന്നങ്ങളും മററുമുണ്ടാക്കുന്നതു മേല്പറഞ്ഞ കരിങ്കല്ലിൽ കൊണ്ടെ പരത്തിയിട്ടിട്ട് കാലുകൊണ്ടു ചവിട്ടിയരച്ചിട്ടാണത്രേ. ഒരിക്കലൊരു മുക്കാണിയൻ (ഭോഷിയൻ) ഒരു കാൽത്തൊട്ടിയ്ക്കു കണ്ടു്, വസ്ത്രങ്ങളെല്ലാം അഴിച്ചു കരയ്ക്കുവെച്ചശേഷം, ഇറങ്ങി ക്കിടന്നു നീന്തിത്തുടിക്കുന്നതു കണ്ടു അന്വേഷിച്ചതിൽ സംഭാരം കലക്കുകയാണെന്നാണു പറഞ്ഞതു, "തൈരുഞ്ചാതം" തയാറാക്കുന്നതു ഒരു പൊക്കമുള്ള ചരുവത്തിൽ ചോറിട്ട് മോരുമൊഴിച്ചു, കക്ഷംവരേ കൈ ആ പാത്രത്തിൽ കടത്തി വാരിവിരകിയിളിച്ചിട്ടാണ് ഇതു കൈകൊണ്ടുതന്നെ ഉരുട്ടിക്കൊണ്ടെ ഇലയിലിട്ടുതരുന്നതുണ്ണാൻകഴിയുന്നവരുടെ ധൈര്യം അമാനുഷം തന്നെ. കഷ്ടിച്ചു് സാമ്പാറും, മോരും, രസവും ഒരു "ഗോകർണ്ണ"ത്തിൽകൊണ്ടെ ചോറിലൊഴിച്ചുതരുന്നതൊഴിയേ, മററു സകല സാധനങ്ങളും വിളമ്പിത്തരുന്നതു കൈകൊണ്ടു തന്നെ. വിളമ്പാൻ തവി ഉപയോഗിക്കുന്നതു് അവർ കേട്ടിട്ടുപോലുമില്ല. "പുളിഞ്ചാത"വും "എനല്ലഞ്ചാത"വും മററും പഴന്തുണിയിൽ കെട്ടിയെടുത്തുകൊണ്ടു നടന്ന് ഒന്നും രണ്ടും മാസത്തേയ്ക്കു വെച്ചിരുന്ന് ഭക്ഷിക്കുന്നതും സാധാരണമാണ്.

ക്ളബ്ബിനകത്തെ മററു വിശേഷങ്ങളൊന്നും പുറത്തുപറയാൻ കൊള്ളുന്നവയല്ല. "പറമ്പിൽപോക്ക്" പോലും ചമയക്കാർ അടുക്കളയിൽ തന്നെയാണത്രേ കഴിച്ചുകൂട്ടുന്നതു്. ഒരു പാത്രം-വല്ലവട്ടിയോ കുട്ടയോ മററോ—എടുത്തുവെച്ചു് കാര്യം നിർവ്വഹിച്ചിട്ട് അതും സർവ്വഭോജിയായ അഗ്നിഭഗവാനിൽ തന്നേ ഹോമിക്കയാണത്രേ പതിവ്. ഇതിൻെറയെല്ലാററിൻെറയും ആവിയും പുകയുമേററുകൊണ്ട് മുകളിലിരുന്നു പാകമാകുന്ന സാമാനം, അതിലരച്ചു കലക്കുന്ന മസാലകളുടെയും വ്യഞ്ജനങ്ങളുടെയും രസംകൊണ്ട് മററു രസങ്ങളെ ഒന്നും വ്യഞ്ജിപ്പിക്കുന്നില്ലെങ്കിലും, അതെത്ര ഹൃദ്യവും പവിത്രവുമാണെന്ന് വായനക്കാർ തന്നെ തീർച്ചപ്പെടുത്തിക്കൊൾക.

ഇതെഴുതുന്ന ആൾ ഒരിക്കൽ തിരുവനന്തപുരം പട്ടണത്തിലെ ഒരു മുട്ടക്കിലേക്ക് പെട്ടെന്ന് തിരിഞ്ഞപ്പോൾ ഒരുസ്ത്രീ—ആകൃതിയും വസ്ത്രവും മററും കൊണ്ട് ഒരു ക്ലബ്ബ്കാരൻെറ ഭാര്യ തന്നെയായിരിക്കുമെന്ന് സംശയം തോന്നും; പ്രായം നല്ലപ്രായംതന്നേ—ഈ സത്വം ഒരു കയ്യാലയേട്ചേരാവുന്നിടത്തോളം ചേൻറ പാദങ്ങൾ ചേർത്ത് ചവുട്ടി മുട്ടുകൾ അല്പം വിരിച്ചു താണുനിൽക്കുന്നു, തലയിലൊരു കലം ഇരിപ്പുള്ളതു വീണുപോകാതെ രണ്ടുകയ്യും ചേർത്തു പിടിച്ചിരിക്കുന്നു. കലം വാഴയിലകൊണ്ടടച്ചു കെട്ടിയതിൻെറ മീതെ രണ്ടുമൂന്നു മുട്ടചിരട്ട ചീകി മിനുസമാക്കിയതുമിരിക്കുന്നുണ്ട്. കലത്തിൻെറ നാലു വശങ്ങളിലും ചുണ്ണാമ്പുകൊണ്ട് കുരിശുവരച്ചിരുന്നു. ഇവൾ എന്നെ. കണ്ടയുടനെ പെട്ടെന്നു ചകിതയായപോലെ ഒരു ലജ്ജയും സംഭ്രമവുമുണ്ടായതിനെപെട്ടന്നമർത്തിയിട്ടു നിവിന്ന നിന്ന് ഒന്നും സംഭവിക്കാത്ത പോലെ ഭാവിച്ചുകൊണ്ടു സാധാരണ രീതിയിൽ തന്നേ കടന്നുപോയി. മുഖത്തു നോക്കാനുള്ള അധൈര്യം കൊണ്ട്, ഞാൻ നോക്കിയതു കാലിലേക്കാണ്. ഹാ, അപ്പോഴാണ് രഹസ്യം വെളിവായത്. പാദങ്ങളും ജങ്ഘകളും നനഞ്ഞിരിക്കുന്നു ഞാനമൊന്നുമറിഞ്ഞില്ലെന്നു നടിച്ചുകൊണ്ട് നടന്നുപോന്നെങ്കിലും, എന്തോന്നാണിവൾ ആ നിലയിൽ നിന്നു കൊണ്ടു നടത്തിക്കളഞ്ഞതെന്ന് വായനക്കാർക്ക് മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇക്കൂട്ടരാണ് ക്ലബ്ബിലേക്കു പതിവായി തയിരു "സപ്ലൈ" ഏററിട്ടുള്ളതെന്നറിഞ്ഞാൽ പിന്നെ ആ തയിരിനെക്കുറിച്ച് ഒന്നുംതന്നേ പറയേണ്ടതില്ല. പശുവിൻെറ വപയും വെളിച്ചെണ്ണയും കൂടി ഉരുക്കിചേർത്ത് മോരും മുരിഞ്ഞയിലയും ഇട്ടു മൂപ്പിച്ചതാണ് മഹാബ്രാഹ്മണർക്കു പന്തരണത്തിനായി വിളമ്പുന്നനെയ്യ്.

"സുന്ദരം രസംവിളമ്പൂ" എന്നുള്ള മാനേജരുടെ ആജ്ഞപ്രകാരം വിളമ്പിയ രസം കൂട്ടിനോക്കിയിട്ട് "താനൊട്ടു സുന്ദരനുമല്ല, ഈ വിളമ്പിയതൊട്ടു രസവുമല്ല" എന്നൊരു നമ്പൂരി

അഭിപ്രായം പറഞ്ഞതായി കേട്ടിട്ടുണ്ട്. ക്ലബ്ബിലെ പണിക്കാരായ ഇത്തരം സുന്ദരന്മാരെയും അവരുടെ "സമാചാരങ്ങ"ളേയും കുറിച്ചു വിവരിക്കാൽ സ്ഥലം പോരാ.

"ഭൂസ്വർഗ്ഗമന്ദിരമിതെന്നു നിനച്ചുപോകും" എന്നും, ശുചിത്വത്തിൻെറ ഇരിപ്പിടമാണെന്നും, വിരാട് പുരുഷൻെറ മുഖത്തുനിന്നുമുണ്ടായതാണെന്നും മററും വിശ്വസിക്കപ്പെട്ടുവരുന്ന ബ്രാഹ്മണ ഹോട്ടലുകളിലെ ചില സമാചാരങ്ങൾ മാത്രമാണ് ഇവിടെ പറഞ്ഞത്. ഈ സ്ഥിതിക്ക് വിരാട്ട പുരുഷൻെറ ഗുദത്തിന് കീഴുള്ള അവയവങ്ങളിൽ നിന്നുണ്ടായവയുടെയവസ്ഥ എന്തിനന്വേഷിക്കുന്നു?. നരകത്തിൻെറ പ്രതിച്ഛായകളായ ആ സ്ഥലങ്ങളിലേക്കു നോക്കാതിരിക്കതന്നെയാണു ഉത്തമം.

"അയർലണ്ടുകാരനും കാക്കയുമില്ലാത്ത സ്ഥലമില്ലാ" എന്നു ഇംഗ്ലീഷ്കാരുടെയിടയിലൊരു ചൊല്ലുണ്ടു. അതുപോലെ ക്ലബ്ബ്കൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പാലക്കാട്ടുകാരൻ ഒരു പട്ടരും, എച്ചിലുവാരാനായി ഒരു നായരും ഉണ്ടാകാതിരിക്കയില്ല. ഇവരുടെ സമാചാരങ്ങളേയും വിസ്താരഭയത്താൽ ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു.

സ്ത്രീമുഖം എപ്പോഴും ശുദ്ധമാണെന്നും, എന്തായാലുമവിടെ അശുദ്ധി ബാധിക്കയില്ലെന്നും ഒരു സ്മൃതികർത്താവ് അഭിപ്രായപ്പെടുന്നു. ഇതിൻെറ രഹസ്യകാരണം നമുക്കൊക്കെ അറിയാം. അതു വെച്ചുകൊണ്ടുനോക്കിയാൽ ചായക്കടയിലെ ടംബ്ലറുകൾ ആരെല്ലാം വായിൽ വെച്ചുമോന്തിയാലും പരിശുദ്ധമാണെന്നു വിചാരിച്ചു വരുന്നതിൽ അസാംഗത്യമൊന്നുമില്ല. ദൈർഘ്യഭീത്യാ ചായക്കടയുടെ വർണ്ണനം ഇവിടെ വിടുന്നു. മടിശ്ശീലവെള്ളം എന്നൊരു പേര് ചില ദിക്കുകളിൽ ഇപ്പോൾ നടപ്പിലായിട്ടുണ്ട്. ആ മടിശീല, പാത്രം കഴുകാനായി വെച്ചിരിക്കുന്നതും, പലദിവസങ്ങളായി മാററിയൊഴിക്കായ്കയാൽ കുഴമ്പുപാകത്തിലായിത്തീർന്നിട്ടുള്ളതുമായ വെള്ളം, മണിയനീച്ചകളെക്കൊണ്ട് കവചിതമായിരിക്കുന്ന പലഹാരങ്ങൾ, ക്ലബ്ബ്.കാ

രൻെറ ആട്ടുകല്ലിനു ചുററുമുള്ള പ്രദേശം, കടയുടെ മിററവും, പരിസരങ്ങളും — ഇതെല്ലാമൊന്നു നോക്കിക്കണ്ടിട്ട് 'ചാടിക്കാൻ' (ചായ കുടിക്കാൻ എന്നതിൻെറ ലുപ്തരൂപമാണിതു്) പുറപ്പെട്ടാൽ ഉള്ളിലുള്ള കുടലിനെ തന്നെയല്ലേ പക്ഷേ 'ചാടിച്ചേക്കുക' എന്നു് സംശയം.

അതിരിക്കട്ടെ ഇപ്പോഠം ഒരുതരം സുപ്പീരിയർ ചായകുടി നടപ്പിലായിരിക്കുന്നു. കൊപ്രാച്ചിരട്ടയും കരിഞ്ഞാലിക്കാതലും കരിപ്പുകട്ടിയും കൂടിയിട്ടു വെള്ളം തിളപ്പിച്ചു കൊട്ടത്തുവന്ന പഴയ പതിവു് പലതുകൊണ്ടും ശ്രേഷ്ഠമായിരുന്നു. അതു് ഇമിറേറഷൻ ചായയായിരുന്നു. ഇന്നതിൻെറ സ്ഥാനം സുപ്പീരിയർ ചായയാലാക്രമിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ഈ സംഗതി പല ചായക്കടക്കാരും ഇനിയും പരസ്യമാക്കിക്കഴിഞ്ഞിട്ടില്ല. ചില പ്രിയപ്പെട്ട വിശ്വസ്തന്മാരായ പതിവുകാക്കു് പ്രത്യേകാവശ്യപ്രകാരം തയാർ ചെയ്തുകൊടുത്തുവരികയാണു്. ഇതിൻെറ മട്ടു്, ഇപ്പോഠം നിറുത്തിക്കളഞ്ഞ ചേർത്തലപൂരത്തിനു് പൂരപ്രമാണികളായ മാടമ്പിമാർ നടത്തിവന്നിരുന്ന കരിക്കു കുടിപോലെയാകുന്നു. കരിക്കു നേരത്തെ തന്നെ തുളച്ചു്, വെള്ളം ദൂരെക്കളഞ്ഞിട്ടു്, പകരം ചൊട്ടയിൽ നിന്നെ എടുത്തിട്ടുള്ള മൂത്തകരിക്കൻവെള്ളമൊ, അഥവാ മാടമ്പിൻെറ സ്ഥിതിക്കും വിലയ്ക്കുമനുസരിച്ചു് അതുതന്നെ വാററിയെടുത്തതോ, അകത്തൊഴിച്ചു് അടപ്പിട്ടിട്ടുള്ളതു് പുറകിൽ നിന്നു് വാല്യക്കാരൻ എടുത്തു അപ്പോഠം തുളച്ചിട്ടു് കൊടുക്കയാണു പണ്ടത്തെ നാളത്തെ കരിക്കു കുടിയുടെ സമ്പ്രദായം. ഇതുപോലെ ചായകുടിയിലും ഒരു പരിഷ്ക്കാരം നടപ്പിലായിക്കഴിഞ്ഞിരിക്കുന്നു. ഈ സംഗതിയറിയാത്ത ഒരു സാധുവിനു് ഈയിട പററിയ ഒരു പററു്, മേലാൽ അങ്ങിനേയുള്ളവരുടെ അറിവിലേക്കായി ഞാനിവിടെ തുറന്നുപറയാം.

(തുടരും)

എൻെറ ചിന്താവീഥി.

വൈദ്യം ഒരു ശാസ്ത്രമാണോ?

(എം. പരമേശ്വരൻപിള്ള)

ചികിത്സാവിഷയമായി ഉണ്ടായിട്ടുള്ള അനുഭവങ്ങളെപ്പററി ചിന്തിക്കുംതോറും വൈദ്യരീതികളുടെ അപൂൎണ്ണതയിലുള്ള വിശ്വാസം ഉറച്ചുവരികയാണു ചെയ്യുന്നതു്. എല്ലാ ചികിത്സാരീതികൾകൊണ്ടും ഏറക്കുറെ പ്രയോജനം ഉണ്ടാകുന്നുണ്ടു്. എന്നാൽ ഒരുരീതിയും പരിപൂൎണ്ണമായോ സംശയരഹിതമായോ ഉള്ള ഫലത്തെ പ്രദാനം ചെയ്തുകാണുന്നില്ല. ഓരോ മതക്കാരും ഞങ്ങളുടെ മതം ശ്രേഷ്ഠം എന്നും മററു മതങ്ങളെല്ലാം മോശമാണെന്നും വാദിക്കുന്നതുപോലെ തന്നെയാണു ഓരോ വൈദ്യരീതിക്കാരുടേയും വാദമെന്നു പറയാം. അവരവർ വാദിക്കുന്ന 'കേസു' കളുടെ യഥാൎത്ഥസ്വഭാവം മനസ്സിലാക്കുന്നപക്ഷം പലരും ഇങ്ങനെ വാദിക്കുവാനിടയാകയില്ല.

ഔഷധങ്ങൾ കൊണ്ടുള്ള ചികിത്സകൾക്കാണല്ലോ ഇന്നു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതു്. എന്നാൽ മരുന്നുകൾക്കു മനുഷ്യശരീരവുമായുള്ള ശരിയായ ബന്ധം മനസ്സിലാക്കിയുള്ള 'ശാസ്ത്രജ്ഞന്മാർ' ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഓരോ വൈദ്യശാസ്ത്രക്കാരും ആ ബന്ധം മനസ്സിലാക്കിയിട്ടുണ്ടെന്നഭിമാനിക്കാറുണ്ടു്. അപ്രകാരം മനസ്സിലാക്കിയിരുന്നുവെങ്കിൽ മരുന്നുകൊടുക്കുന്നതിനു മുൻപുതന്നെ എപ്പോഴും അതിൻെറ ഫലം തീൎച്ചപ്പെടുത്തുവാൻ കഴിയുമായിരുന്നു. ഇപ്പോഴാകട്ടെ ഒരു മരുന്നു പലരിൽ പലവിധത്തിലാണു ഫലിച്ചുകാണുന്നതു്. അതിനാൽ ഫലം ഊഹിച്ചുകൊണ്ടല്ലാതെ നിശ്ചയിച്ചുകൊണ്ടു യാതൊരൗഷധവും കൊടുക്കുവാൻ നിവൃത്തിയില്ല. സുനിശ്ചിതമായ ഫലം ഇല്ലാത്ത യാതൊന്നും ഒരു ശാസ്ത്രമെന്ന പേരിന് അൎഹമാകുന്നുമില്ല. നാലിനെ മൂന്നു

പ്രാവശ്യം കൂട്ടിയാൽ ഫലം പന്ത്രണ്ടായിരിക്കും ഇതു ആരുചെയ്താലും എപ്പോൾ ചെയ്താലും എവിടെവെച്ചു ചെയ്താലും വ്യത്യസ്തഫലം ഉണ്ടാകയില്ല. ഇതുപോലെ അവ്യതക്കിതമായ ഫലം പ്രദാനം ചെയ്യുന്നാപക്ഷമെ ശാസ്ത്രമെന്ന പേരിനു അർഹതയുള്ളൂ. ഇന്നു അപ്രകാരമുള്ള വൈദ്യരീതികൾ എവിടെയെങ്കിലുമുണ്ടോയെന്നു ചിന്തിച്ചാൽ വൈദ്യത്തിന്റെ ശാസ്ത്രീയത പ്രത്യക്ഷമാകും.

ഇന്നത്തെ വൈദ്യന്മാരുടെ ഫലപ്രശ്നങ്ങളും സമാധാനങ്ങളും ചിന്താവിഷയമാകേണ്ടതാണ്. ഒരു രോഗി ചികിത്സാമദ്ധ്യേ മരിച്ചാൽ വൈദ്യൻ പറയുന്നതു "രോഗിയുടെ ആയുസ്സെത്തിയിട്ടാണു മരിച്ചത്" എന്നാണ് ഇങ്ങനെയുള്ള പറച്ചിലിന്റെ പുരാതനത്വം കൊണ്ടോ എന്തോ ജനസാമാന്യം അതു പലപ്പോഴും സമ്മതിക്കുകയും ചെയ്യും. ഈ സംഗതിയിൽ എനിക്കു ഒരുവലിയ സംശയമുണ്ട്. ഒരാൾ ഇന്നസമയം മരിക്കണമെന്നു ദൈവമോ വിധിയോ ആരെങ്കിലും മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതങ്ങിനെ തന്നെ നടക്കേണ്ടതാണെന്നും നടക്കുമെന്നും ഞാനും സമ്മതിക്കാം. പക്ഷെ അങ്ങിനെയാണെങ്കിൽ ചികിത്സയുടെ ആവശ്യമില്ലെന്നുവരുന്നു. എന്തെന്നാൽ ദൈവം നിശ്ചയിച്ചസമയത്തുതന്നെ മരിക്കണമെന്നുണ്ടെങ്കിൽ -അതിൽ ഒട്ടും കൂടുതൽ ജീവിച്ചിരിക്കയില്ലെന്നുണ്ടെങ്കിൽ- അതിനു ഒട്ടുംതന്നെ മുൻപുകൂട്ടിയും മരിച്ചുകൂടാത്തതാണ്. അതിനാൽ മരണത്തെപ്പററി ഒരു മുൻ"വിധി"യുണ്ടെങ്കിൽ നിശ്ചയമായും ചികിത്സയുടെ ആവശ്യമില്ല. ചിലർ പറയുന്നതു ചികിത്സിക്കുന്നത് മരണത്തെ തടയാനല്ലെന്നും രോഗംകൊണ്ടുള്ള വേദനകളെ ശമിപ്പിക്കാനാണെന്നുമാണ്. എന്നാൽ വിശേഷിച്ചു വേദനകളൊന്നുമില്ലാത്ത പല രോഗങ്ങളിലും വിഷമിച്ചും വേദന അനുഭവിച്ചും ചികിത്സചെയ്യുന്നതു എന്തിനാണെന്നുള്ള ചോദ്യത്തിനു അവർ ഉത്തരം പറയട്ടെ.

ഈശ്വരവിശ്വാസികളായ ചില മതശാഖക്കാർ ദീനത്തിന്നു ചികിത്സിപ്പിക്കയില്ലെന്നു കേട്ടിട്ടുണ്ട്. വിശ്വാസവിഷയത്തിൽ അവരെ സംബന്ധിച്ചിടത്തോളം വളരെ അഭിനന്ദിക്കേണ്ടതായിരിക്കുന്നു. ദൈവം നിശ്ചയിച്ച സമയത്തു മരിക്കുമെന്നു വിശ്വാസമുള്ള അവർ എന്തിനാണു അല്പനായ ഒരു മനുഷ്യനെക്കൊണ്ടു ചികിത്സിപ്പിക്കുന്നത്? ദൈവം നിശ്ചയിച്ച മരണസമയത്തെ നീട്ടുന്നതിന്നു ശസ്ത്രശാസ്ത്രപ്രവീണനായ മനുഷ്യന്നു സാധിക്കയില്ലെങ്കിൽ ആ സമയം ചുരുക്കുന്നതിന്നു ഈ വക യാതൊരു ശക്തികളും പിൻതുണയുമില്ലാത്ത രോഗത്തിന്നു കഴിയുമോ? രോഗം എത്ര നിസ്സാരം? അതു മനുഷ്യൻ ഉണ്ടാക്കുന്ന മരുന്നുകളുടെ മണം ഏററാൽ ഓടുന്നതല്ല. അതിന്നു ദൈവം നിശ്ചയിച്ചസമയത്തിന്നു മുൻപു മനുഷ്യരെ കൊല്ലുന്നതിന്നു ശക്തിയുണ്ടെന്നു വിചാരിക്കുന്നതു എത്ര ഭോഷത്വമാണ്? വല്ല സാധുക്കളായ വൈദ്യന്മാരുടെ ചികിത്സകൊണ്ടോ പ്രകൃതിചികിത്സകൊണ്ടോ കഠിനരോഗങ്ങൾ ഭേദമായാൽ 'ആയുസ്സിൻെറ ബലം'കൊണ്ടു അവൻ മരിച്ചില്ല എന്നല്ലെ ആളുകൾ പറയുന്നത് അതിനാൽ 'അരി'യെത്തുന്നതിന്നു മുൻപു ആളുകളെ കൊല്ലാൻ രോഗത്തിന്നു ശക്തിയില്ലെന്നും നമ്മുടെ ആളുകൾ വിശ്വസിക്കുന്നുണ്ട്. ഈ വിശ്വാസമുള്ളവർ ചികിത്സിപ്പിക്കുന്നതു എന്തിനാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

ചികിത്സകൊണ്ടു പ്രയോജനമുണ്ടെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. ദൈവം ഓരോരുത്തരും ഇന്നയിന്ന സമയത്തു മരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങിനെയൊന്നുണ്ടെന്നു എൻെറ മതം എന്നെ പഠിപ്പിച്ചിട്ടുമില്ല. എന്നാൽ നമ്മുടെ പൂർവ്വജന്മകർമ്മങ്ങൾ ഈ ജന്മത്തിലെ ജീവിതകാലാവധി നിർണ്ണയിച്ചിട്ടുണ്ടാകാം അങ്ങിനെ നിർണ്ണയിക്കുന്നതു ദൈവമല്ലെന്നും നമ്മുടെ കർമ്മങ്ങളാണെന്നും പ്രത്യേകം ഓർമ്മിക്കണം. എന്തെന്നാൽ നമ്മുടെ (പൂർവ്വജന്മ) കർമ്മങ്ങളുടെ ഫലത്തിനെ ഭേദപ്പെടുത്തത്തക്ക കർമ്മങ്ങൾ ചെയ്യാൻ തക്ക സ്വാതന്ത്ര്യം നമുക്കുണ്ട്. ഈശ്വരൻ

ഇതെല്ലാം അറിയുന്നുണ്ടെന്നല്ലാതെ ഒന്നിനേയും തടയുകയോ പ്രവത്തിപ്പിക്കയോ പ്രവത്തിപ്പിക്കാതിരക്കയോ ചെയ്യുന്നില്ല. അതിനാൽ നമ്മുടെ പൂവ്വകമ്മങ്ങൾ നിശ്ചയിച്ചിട്ടുള്ള മരണകാലത്തെ നീട്ടുവാനോ കുറുക്കുവാനോ നമ്മുടെ വത്തമാനകാലത്തെ കമ്മങ്ങൾക്കു ശക്തിയുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ആരോഗ്യപരമായ ജീവിതരീതിയും ചികിത്സയും. അതിനാൽ ശരിയായ ജീവിതരീതിയും ചികിത്സയും കൊണ്ട് അകാലമരണത്തെ തടയാൻ നമുക്കു കഴിയണം. അങ്ങിനെ കഴിയുന്നില്ലെങ്കിൽ അത് ആ രീതികളുടെ യഥാത്ഥനിലയെപ്പററിയുള്ള അറിവില്ലായ്മകൊണ്ടാണ് അതായതു വൈദ്യരീതികളുടെ അപൂണ്ണത കൊണ്ടെന്നു തന്നെ പറയാം.

പണ്ട് ശ്രീകൃഷ്ണൻെറ ഭരണകാലത്തു ഒരു ബ്രാഹ്മണൻെറ ശിശുക്കൾ മരിച്ചതിന്ന് അദ്ദേഹം ഭരണ കത്താവിനെ കഠിനമായി അധിക്ഷേപിച്ചകാൎയ്യം നാം പുരാണങ്ങളിൽനിന്നു അറിയുന്നുണ്ടല്ലൊ. അതിൽനിന്നും അകാലമരണത്തെ തടയേണ്ടതു് ഭരണ കത്താക്കളുടെ കടമയായിട്ടാണ് അക്കാലത്തു കരുതപ്പെട്ടിരുന്നതു എന്നു നമുക്കു മനസ്സിലാക്കാം. ഇന്നത്തെ പരിഷ്കൃത ജനസമുദായങ്ങളിലും ആ വിശ്വാസം തന്നെയാണുള്ളതു. യൂറോപ്യൻ രാജ്യങ്ങളിൽ അകാലമരണം പൌരസ്ത്യരാജ്യങ്ങളെ അപേക്ഷിച്ചുവളരെ കുറവാണ്. അവിടെ ദൈവം ഇങ്ങിനെ ആയുസ്സു നീട്ടിക്കൊടുക്കുവാനും നമുക്കു ആയുസ്സു കുറച്ചുകളയാനും വല്ല കാരണങ്ങളുമുണ്ടോ? ദൈവമാണു ആയുസ്സു നിശ്ചയിക്കുന്നതെങ്കിൽ അവരെ അപേക്ഷിച്ചു മതവിശ്വാസികളും ഭക്തന്മാരുമായ നമുക്കാണു ആയുസ്സു കൂടുതൽ തരേണ്ടതു. പക്ഷെ നമുക്കു അറിവു വദ്ധിക്കുന്ന കാലത്തു അങ്ങിനെ തരുമെന്നുതന്നെ പ്രതീക്ഷിക്കാം.